പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി
(2016-2019)

## ഏഴാമത് റിപ്പോർട്ട്

[കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ]

2018 ജൂൺ മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി
(2016-2019)

## ഏഴാമത് റിപ്പോർട്ട്

[കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ]

2018 ജൂൺ മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചത്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | : | |

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19)

## സമിതിയുടെ ഘടന

**അദ്ധ്യക്ഷ :**

ശ്രീമതി പി. അയിഷാ പോറ്റി

**അംഗങ്ങൾ :**

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീമതി സി.കെ. ആശ

ശ്രീ. വി.ടി. ബൽറാം

ഡോ. എൻ. ജയരാജ്

ശ്രീമതി യു. പ്രതിഭ ഹരി

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. ഇ.കെ. വിജയൻ

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. വി.കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഇ.വിൽമറ്റ് ജോൺ, അണ്ടർ സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

## ആമുഖം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സമിതി (2011-14) യുടെ കാലയളവിൽ 12-11-2013 ന് കാസർഗോഡ് ജില്ലയിലും സമിതി (2014-16) യുടെ കാലയളവിൽ 25-02-2015 ന് തിരുവനന്തപുരത്തും യോഗം ചേർന്ന് തെളിവെടുപ്പ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതി വിവിധ ശിപാർശകളും നിർദ്ദേശങ്ങളും നൽകിയെങ്കിലും നിസ്സഹായരായ എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരിത ജീവിതത്തിന് സാന്ത്വനമേകുന്നതിനോ ശാസ്ത്രീയ പഠനം നടത്തി യഥാർത്ഥ എൻഡോസൾഫാൻ ദുരിതബാധിതരെ പൂർണ്ണമായും കണ്ടെത്തുന്നതിനോ കഴിഞ്ഞിരുന്നില്ല. മുൻ സമിതികളുടെ കാലാവധി അവസാനിച്ചതിനാലും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ആരോഗ്യപ്രശ്നം, പുനരധിവാസം തുടങ്ങി വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ സമിതി മുമ്പാകെ ലഭിച്ചുകൊണ്ടിരിക്കുന്നതിനാലും എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-07-2017 ന് സമിതി കാസർഗോഡ് ജില്ലയിൽ വീണ്ടും യോഗം ചേർന്ന് ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും സ്ഥലസന്ദർശനം നടത്തുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ വിവരങ്ങളിന്മേലും വിഷയവുമായി ബന്ധപ്പെട്ട വിവിധ പരാതികളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

തിരുവനന്തപുരം
07-06-2018

**പി. അയിഷാപോറ്റി,**
**അദ്ധ്യക്ഷ,**
**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും**
**ക്ഷേമം സംബന്ധിച്ച സമിതി**

# കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ അഭിമുഖീകരിക്കുന്ന ജീവിതപ്രാരാബ്ധങ്ങൾ കേരളീയ സമൂഹത്തിന്റെ മനഃസാക്ഷിയ്ക്ക് മുന്നിൽ നീറുന്ന പ്രശ്നമായി ഉയർന്നുവന്നിട്ട് രണ്ട് പതിറ്റാണ്ടുകളായി. നിസ്സഹായരായ എൻഡോസൾഫാൻ ഇരകളുടെ ദുരിതജീവിതത്തിന് ആശ്വാസം പകരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവെങ്കിലും അവ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. പ്രസ്തുത ദുരന്തത്തിന്റെ അനന്തരഫലമായി ദുരിതബാധിതരുടെ എണ്ണവും പരാതികളും അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെയും അവരുടെ രക്ഷിതാക്കളുടെയും പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരം കണ്ടെത്തേണ്ടത് അനിവാര്യമായിരിക്കുന്നു.

2. എൻഡോസൾഫാൻ പ്രശ്നത്തിന് നാല് പതിറ്റാണ്ടിന്റെ ചരിത്രമുണ്ട്. ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ (പി.സി.കെ) ഉടമസ്ഥതയിലുള്ള കാസർഗോഡ് ജില്ലയിലെ 4696 ഹെക്ടർ കശുമാവിൻ തോട്ടത്തിൽ, കശുമാവിൻ പൂക്കളിലെ തേയില കൊതുകുകളെ നശിപ്പിക്കുന്നതിനായി 1976-77 കാലഘട്ടത്തിൽ ഹെലികോപ്റ്റർ മുഖേന എൻഡോസൾഫാൻ എന്ന കീടനാശിനി പരീക്ഷണാടിസ്ഥാനത്തിൽ തളിച്ചു തുടങ്ങി. ഈ കീടനാശിനി 1981 മുതൽ വർഷത്തിൽ രണ്ടും മൂന്നും തവണ തുടർച്ചയായി പ്രയോഗിച്ചു. പി.സി.കെ. യുടെ രാജപുരം, പെരിയ, ചീമേനി, കാസർഗോഡ് കശുമാവിൻ തോട്ടങ്ങളായിരുന്നു അതിനുചുറ്റുമുള്ള ദരിദ്ര ഗ്രാമങ്ങളിലെ ജീവിതത്തെ നിയന്ത്രിച്ചിരുന്നത്. മദ്ധ്യവേനലവധിയിൽ സ്കൂൾ അടക്കുന്ന രണ്ട് മാസങ്ങളിൽ കശുവണ്ടി പെറുക്കിയെടുത്താൽ അടുത്ത വർഷത്തെ പുസ്തകം വാങ്ങാനുള്ള പണം കണ്ടെത്താനാകുമെന്നും തങ്ങളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനാകുമെന്നും പ്രദേശവാസികളായ പാവപ്പെട്ട രക്ഷിതാക്കൾ ആഗ്രഹിച്ചു. സമീപത്തെ വിശാലമായ കശുമാവിൻ തോട്ടങ്ങളുടെ തണലിൽ അവരുടെ കുട്ടികൾ വിദ്യാഭ്യാസം നേടി; അവരുടെ അടുക്കളകളിലേയ്ക്ക് ഇന്ധനം നൽകി; മരുന്ന് തളിച്ച കശുമാങ്ങ ഭക്ഷിച്ച് അവർ വിശപ്പടക്കി; യന്ത്രപക്ഷിയിൽ നിന്ന് പെയ്തുവന്ന മരുന്ന് മഴയിൽ നനഞ്ഞ് കുളിച്ച് നാളെയെക്കുറിച്ച് അവർ സ്വപ്നങ്ങൾ നെയ്തു.

3. 1990-കളുടെ അവസാനത്തോടെ കീടനാശിനി തളിച്ച പ്രദേശങ്ങളിൽ പ്രത്യേകിച്ച് എൻമകജെ പഞ്ചായത്തിലെ പദ്രേ ഗ്രാമത്തിൽ ജീവിക്കുന്നവരിൽ പ്രത്യേകമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടു തുടങ്ങി. സ്കൂൾ കുട്ടികളിലെ മാനസിക പിരിമുറുക്കവും, നവജാത ശിശുക്കളിൽ വർദ്ധിച്ച് വരുന്ന ജനിതക വൈകല്യങ്ങളും പ്രാരംഭഘട്ടത്തിൽ ജനങ്ങളിൽ ആശങ്ക സൃഷ്ടിച്ചു. മാനസിക, ശാരീരിക വൈകല്യം ബാധിച്ചവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. ജനിതക വൈകല്യം, വിവിധതരം കാൻസർ, ഗർഭച്ഛിദ്രം, ബുദ്ധിമാന്ദ്യം അങ്ങനെ വിവിധ ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. കാൽ നൂറ്റാണ്ടിലെ വിഷമഴയിൽ മൃതപ്രായരായവരും ജീവൻ നഷ്ടപ്പെട്ടവരും ഏറെയാണ്. പ്രശ്നങ്ങൾ സങ്കീർണ്ണമായതോടെ മാറിമാറിവരുന്ന സർക്കാരുകൾക്ക് മുന്നിൽ വിഷയം കീറാമുട്ടിയായി. ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് നടത്തിയ പഠനങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ 2001 ആഗസ്റ്റ് 25-ന് കേരള സർക്കാർ എൻഡോസൾഫാൻ എന്ന കീടനാശിനി ആകാശ മാർഗ്ഗേന തളിക്കുന്നത് നിരോധിച്ചു. എൻഡോസൾഫാൻ കീടനാശിനിക്കെതിരെ ഉയർന്നുവന്ന ആഗോള വ്യാപകമായ പ്രതിഷേധ പ്രചരണങ്ങളെത്തുടർന്ന് 2011 ഏപ്രിൽ 30-ന് സ്റ്റോക്ക് ഹോം കമ്മിറ്റി എൻഡോസൾഫാൻ ആഗോളതലത്തിൽ നിരോധിച്ചു.

4. കാസർഗോഡിലെ ജനങ്ങൾക്കുമേൽ പെയ്തിറങ്ങിയ വിഷമഴയിൽ നിന്നും ഇവിടത്തെ ജനങ്ങളെ രക്ഷിക്കുന്നതിനും അവരുടെ നിലനിൽപ്പിനും വേണ്ടിയുള്ള സമരങ്ങൾ നീണ്ട പതിനേഴ് വർഷങ്ങൾക്കുശേഷവും തുടർന്നുകൊണ്ടേയിരിക്കുന്നു. ഭോപ്പാൽ ദുരന്തത്തിനുശേഷം രാജ്യംകണ്ട ഏറ്റവും വലിയ ദുരന്തമെന്ന് മനുഷ്യാവകാശ പ്രവർത്തകരും, പരിസ്ഥിതി പ്രവർത്തകരും വിലയിരുത്തുന്ന എൻഡോസൾഫാൻ ദുരിതം അനേകരുടെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തി; ജീവിതം ദുസ്സഹമാക്കി; ചലനം വീടിന്റെ നാല് ചുവരുകൾക്കുള്ളിലേയ്ക്ക് ഒതുക്കപ്പെട്ടവർ, ക്ലേശിച്ചും വ്യസനിച്ചും വിധിയെപ്പഴിച്ചും അസ്വസ്ഥതയോടെ ദിനരാത്രങ്ങൾ തള്ളിനീക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരും അവരെ സംരക്ഷിക്കുവാൻ വിധിക്കപ്പെട്ട രക്ഷിതാക്കളും കണ്ണീർവറ്റിയ മിഴികളുമായി സഹായത്തിനുവേണ്ടി മുട്ടാത്ത വാതിലുകളില്ല. സഹനത്തിന്റെ നിശബ്ദത, പ്രതിഷേധത്തിലേയ്ക്കും പ്രക്ഷോഭത്തിലേയ്ക്കും ഒടുവിൽ തെരുവിലേയ്ക്കും പടർന്നുപിടിച്ചു. മാറിമാറി വന്ന സർക്കാരിനുമുൻപിൽ

നിവേദനങ്ങളും പ്രതിഷേധങ്ങളും സമരങ്ങളുമായി ദുരിതബാധിതർ അണിനിരന്നു. ഒട്ടനവധി ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചു. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ബെള്ളൂർ, എൻമകജെ, കാറഡുക്ക, മുളിയാർ, അജാനൂർ, കള്ളാർ, പനത്തടി, പുല്ലൂർ, പെരിയ, ചീമേനി എന്നീ 11 പഞ്ചായത്തുകളെ ദുരിതബാധിത മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തു. ദുരിതബാധിതർക്ക് സാന്ത്വനമേകുന്നതിനായി 161.65 കോടി രൂപ വിതരണം ചെയ്തു. വിവിധ സർക്കാർ വകുപ്പുകൾ മേഖലയിൽ 233 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും ഇവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല.

5. സമിതി എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയത്തിൽ ഇടപെടുന്നതാകട്ടെ സമിതിയ്ക്ക് ലഭിച്ച ഒരുപിടി പരാതികളുടെ അടിസ്ഥാനത്തിൽ മാത്രമല്ല ദുരന്തഫലം കൂടുതൽ പേറേണ്ടിവന്ന സ്ത്രീകളുടെയും കുട്ടികളുടെയും ദൈന്യത ബോധ്യപ്പെട്ടിട്ടുള്ളതിനാൽ കൂടിയാണ്. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ദേശീയ മനുഷ്യാവകാശകമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടില്ലായെന്നും എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും മതിയായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക, ഗോഡൗണുകളിൽ ബാക്കിവന്ന എൻഡോസൾഫാൻ നിർവീര്യമാക്കുക, ബഡ്സ് സ്കൂളുകളിലെ ശോചനീയാവസ്ഥ പരിഹരിച്ച് ജീവനക്കാർക്ക് മതിയായ പരിശീലനവും വേതനവും നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ശ്രീ. അമ്പലത്തറ കുഞ്ഞികൃഷ്ണൻ, കാസർഗോഡ്, സമിതി മുൻപാകെ 2013-ൽ സമർപ്പിച്ച പരാതി 2013 നവംബർ 12-ാം തീയതി കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഈ വിഷയം കൂടുതലായി പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും പരാതിക്കാരിൽനിന്നും വിവരങ്ങൾ ചോദിച്ചറിയുകയും ചില നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

6. പ്രസ്തുത തെളിവെടുപ്പ് വേളയിലും തുടർന്നും എൻഡോസൾഫാൻ ദുരിത ബാധിതരുടെ ഒട്ടനവധി പരാതികൾ സമിതിയ്ക്ക് ലഭിച്ചു. പരാതികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിലും പല പരാതികളിലും വ്യക്തമായ

റിപ്പോർട്ടുകളോ മറുപടിയോ ഉണ്ടാകാതിരുന്ന സാഹചര്യത്തിലും സമിതി ഈ വിഷയം കൂടുതൽ പഠിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒരു തെളിവെടുപ്പ് യോഗം കൂടി വിളിച്ചു ചേർക്കുവാൻ തീരുമാനിക്കുകയും തുടർന്ന് സമിതി 25.02.2015-ൽ തിരുവനന്തപുരത്ത് തെളിവെടുപ്പ് യോഗം ചേരുകയും ചെയ്തു. 2014-16-ലെ സമിതിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 2016-19-ലെ സമിതി വിഷയം പരിഗണിക്കുകയും 27.07.2017-ൽ കാസർഗോഡ് കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് എൻഡോസൾഫാൻ ദുരിതബാധിതരിൽ നിന്ന് പരാതികൾ സ്വീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും പുറ്റ്യൂർ പെരിയ ബഡ്സ് സ്കൂൾ സന്ദർശിക്കുകയും പുനരധിവാസപദ്ധതികളെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്തു. ദുരിതബാധിതരുടെ നിസ്സഹായാവസ്ഥ നേരിൽ ബോധ്യപ്പെട്ട സമിതി, എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളും പ്രതിവിധിയും സംബന്ധിച്ച് ഒരു സ്പെഷ്യൽ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

7. എൻഡോസൾഫാൻ തളിച്ച മേഖലയിൽ ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ചെറുതും വലുതുമായ പല പഠനങ്ങളും നടത്തുകയുണ്ടായി. 2001-ൽ കേന്ദ്ര സർക്കാർ സ്ഥാപനമായ NIOH [National Institute of Occupational Health (under Indian Council for medical research)] കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തളിച്ച മേഖലയിലേയും തളിക്കാത്ത മേഖലയിലേയും ആരോഗ്യപ്രശ്നങ്ങൾ താരതമ്യപഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. NIOH-ന്റെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

(1) There is significantly higher prevalence of neurobehavioural disorders, congenital malformations in female subjects and abnormalities related to male reproductive system in the study group (padre village, Enmakaje panchayat) as compared to the reference group (Miyapavadu village of Meenja panchayat).

(2) Regarding the aetiological factors, responsible for these health problems, various factors were compared and it was found that the two groups differed mainly with respect to exposure to endosulfan.

ഈ വിഷയത്തിൽ 2010 (ഡിസംബർ 2010- ജനുവരി 2011)ൽ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് നടത്തിയ പഠനത്തിലെ പ്രധാന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

(1) The reproductive health events including infertility, precocious puberty, abortion, intra uterine death (IUD)/still birth, neonatal/child death were found significantly higher in study when compared to control population.

(2) Among the youth population (below the age of 40) the rate of surgery for any heart diseases, hernia and genito urinary causes were higher in area study group than control group.

(3) When the prevalence of morbidity in adolescents were assessed it was found that any organ anomaly, birth defects, congenital heart disease, seizure, skin problems and reproductive disorders were significantly higher in study group when compared to control groups.

ഇതു കൂടാതെ 2011-ൽ സുപ്രീം കോടതി നിർദ്ദേശിച്ച പ്രകാരം രൂപീകരിച്ച ICAR/ ICMR (Indian Council for Agriculture Research, Indian Council for Medical Research)-ന്റെ സംയുക്ത പഠനസംഘം വിഷയം അപഗ്രഥിച്ചിരുന്നു. കൂടാതെ ഈ വിഷയത്തിൽ മണിപ്പാൽ യൂണിവേഴ്സിറ്റി ഉൾപ്പെടെ പല മെഡിക്കൽ കോളേജുകളും പഠനം നടത്തിയിട്ടുണ്ട്.

8. കാസർഗോഡ് ജില്ലയിലെ മണ്ണിലും വെള്ളത്തിലും വായുവിലും എന്താണ് പ്രശ്നമെന്ന അടിസ്ഥാന ചോദ്യത്തിന് ഉത്തരം കാണേണ്ടത് അനിവാര്യമാണ്. രാസവളങ്ങളും രാസകീടനാശിനികളും ഉപയോഗിച്ചുള്ള കൃഷി രീതികളും എൻഡോസൾഫാന്റെ ഉപയോഗവും മണ്ണിനെയും വെള്ളത്തെയും വായുവിനെയും മലിനമാക്കി രക്തത്തെയും ഗർഭപാത്രത്തെയും മുലപ്പാലിനെയും മസ്തിഷ്കത്തെയും വിഷലിപ്തമാക്കിയിരിക്കുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം എൻഡോസൾഫാൻ വിഷയത്തിൽ സമഗ്രമായ ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്.

9. എൻഡോസൾഫാൻ കീടനാശിനി ആകാശമാർഗ്ഗം തളിച്ചതിനെത്തുടർന്ന് പ്രദേശത്ത് അധിവസിക്കുന്ന ജനവിഭാഗത്തിനും അവരുടെ തലമുറയ്ക്കും ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും സാധ്യമായ ചികിത്സാ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും രാസകീടനാശിനികളുടെ ഉപയോഗം സൃഷ്ടിക്കുന്ന ദുരിതങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുമായി സർക്കാർ തലത്തിൽ ആരോഗ്യശാസ്ത്രമേഖലയിലെ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു ഉന്നതതല സംഘം പഠനം നടത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആരോഗ്യ, ശാസ്ത്ര മേഖലയിലെ സ്പെഷ്യലിസ്റ്റുകൾ, വിദഗ്ദ്ധർ, ആരോഗ്യപ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ പഠനസംഘത്തെ നിയോഗിച്ച് കാസർഗോഡ് ജില്ലയിൽ വിശദമായ ശാസ്ത്രീയ പഠനം നടത്തി യഥാർത്ഥ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് മാനദണ്ഡം നിശ്ചയിക്കണമെന്നും പ്രദേശം വിഷവിമുക്തമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. എൻഡോസൾഫാൻ ദുരിതബാധിതരായവരെ നിർവചിക്കുന്നതിന് നിലവിൽ രണ്ട് മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്.

(1) ലഭ്യമായ ശാസ്ത്രീയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ രോഗം എൻഡോസൾഫാൻ കൊണ്ടുണ്ടാകാവുന്നതായിരിക്കണം.

(2) രോഗികൾ, എൻഡോസൾഫാൻ ആകാശമാർഗ്ഗേന തളിച്ച കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചിരുന്നവരോ അവരുടെ കുട്ടികളോ ആയിരിക്കണം. ഇക്കാര്യങ്ങൾക്കായി മൂന്ന് ഘട്ടങ്ങളിലുള്ള പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. ഫസ്റ്റ് ലെവൽ സ്ക്രീനിംഗ്
2. സെക്കന്റ് ലെവൽ സ്ക്രീനിംഗ് & ക്ലാസിഫിക്കേഷൻ
3. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് & ഫീൽഡ് വെരിഫിക്കേഷൻ

11. എൻഡോസൾഫാൻ ദുരിതബാധിതരെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒട്ടനവധി പരാതികൾക്ക് ഇടനൽകിയിരിക്കുന്നതായി സമിതിയ്ക്ക് ലഭിക്കുന്ന പരാതികളിൽനിന്ന് മനസ്സിലാകുന്നു. അർഹതപ്പെട്ടവർക്ക് സർക്കാർ നൽകുന്ന ധനസഹായം നിഷേധിക്കാനാവില്ല. എന്നാൽ നിർധനരായ ദുരിതബാധിതരുടെ

ആവലാതിയും ആശങ്കയും അവർക്ക് കൂടി ബോധ്യമാകുന്ന വിധത്തിൽ പരിഹരിക്കപ്പെടേണ്ടതുമുണ്ട്. ദുരിതബാധിതരെ കണ്ടെത്തുന്നതിന് ഇപ്പോൾ ബയോളജിക്കൽ പ്ലോസിബിലിറ്റി, എൻഡോസൾഫാൻ എക്സ്പോഷർ എന്നീ മാനദണ്ഡങ്ങൾ മാത്രം നിശ്ചയിച്ചിരിക്കുന്നത് ഫലപ്രദമല്ലെന്ന് സമിതി മനസിലാക്കുന്നു. ദുരിതബാധിതരാണെന്ന് സ്വയം വിലയിരുത്തുന്ന 30,000-ത്തോളം രോഗികൾ വിവിധ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തു. എന്നാൽ നാളിതുവരെയും പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുത്തിട്ടില്ലാത്ത ദുരിതബാധിതരും ഉണ്ടാകാനിടയുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ച ആദ്യകാലങ്ങളിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോ, രോഗികളെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങളോ ഉണ്ടായിരുന്നില്ല. മെഡിക്കൽക്യാമ്പിൽ വച്ച് രോഗിയെ പരിശോധിച്ച ഡോക്ടർമാരുടെ വിവേചനാധികാരം ഒരു പരിധിവരെ പട്ടികയിൽ രോഗികളെ ഉൾപ്പെടുത്തുന്നതിൽ പ്രതിഫലിച്ചിരുന്നു. അതുമാത്രമല്ല, ഫീൽഡ്തല അന്വേഷണം നടത്താതെ, മെഡിക്കൽക്യാമ്പിൽവെച്ച് ചുരുങ്ങിയ സമയംകൊണ്ട് നടത്തിയ പരിശോധനയിൽ രോഗിക്ക് എൻഡോസൾഫാൻ കീടനാശിനിയുമായി എക്സ്പോഷർ ഉണ്ടാകാനുള്ള സാധ്യതയും തിട്ടപ്പെടുത്തിയിരുന്നില്ല. ഇക്കാരണങ്ങളാൽ ആദ്യഘട്ടത്തിൽ തയ്യാറാക്കിയ ദുരിതബാധിതരുടെ പട്ടിക സമ്പൂർണ്ണമല്ല.

12. എൻഡോസൾഫാൻ മൂലം ഉണ്ടാകുന്ന രോഗം യഥാർത്ഥത്തിൽ പെട്ടെന്ന് സംഭവിക്കുന്നതല്ല. എങ്കിലും ദുരിതബാധിതരെ കണ്ടെത്തുന്നതിന് വളരെയധികം കാലതാമസം നേരിട്ടു. ദീർഘകാലമായിട്ടും ഏറെ ദയനീയാവസ്ഥയിലുള്ള ഒട്ടനവധി ദുരിതബാധിതരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാകുന്നില്ല. നിസ്സഹായരായ ദുരിതബാധിതരാകട്ടെ വിഷമഘട്ടത്തിൽ സഹായങ്ങൾക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ദുരിതബാധിതരുടെ പട്ടികയിൽ തങ്ങളെ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ച് തദ്ദേശവാസികളിൽ നിന്ന് ഒട്ടനവധി പരാതികൾ സമിതിയ്ക്ക് ലഭിക്കുന്നു. എൻഡോസൾഫാൻ ദുരിതബാധിതരുടെ അപാകതയില്ലാത്ത ഒരു അന്തിമ പട്ടിക തയ്യാറാക്കാൻ നാളിതുവരെ വിവിധ വകുപ്പുകൾക്ക് കഴിഞ്ഞിട്ടില്ലെന്നത് അവരുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും സാങ്കേതികത്വങ്ങളും നടപടി

ക്രമങ്ങളിലെ മെല്ലെപ്പോക്കും ഇച്ഛാശക്തിയുടെ അഭാവവും ഇതിന് കാരണമാകുന്നതായും സമിതി വിലയിരുത്തുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇതിനൊരു തീരുമാനം ഉണ്ടാകണമെന്ന് സമിതി താല്പര്യപ്പെടുന്നു.

13. ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 27000 പേരെ പരിശോധിക്കുകയും 5227 പേരെ രോഗികളായി ഐഡന്റിഫൈ ചെയ്യുകയുമുണ്ടായെന്ന് സമിതിയുടെ 25.02.2015-ലെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ 2014-15 കാലയളവിൽ ജനിച്ച കുട്ടികളിൽ രോഗികളായി കണക്കാക്കിയിട്ടുള്ളവർ എത്രയെന്ന സമിതിയുടെ ചോദ്യത്തിന് അതു സംബന്ധമായ കണക്കില്ലെന്ന മറുപടിയാണ് സമിതിയ്ക്ക് ലഭിച്ചത്. ദുരിതബാധിതരുടെ അന്തിമപട്ടിക തയ്യാറാക്കുന്ന നടപടി അനന്തമായി ദീർഘിപ്പിക്കാതെ താമസം വിനാ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പത്രമാധ്യമങ്ങൾ, സന്നദ്ധ സംഘടനകൾ, ആരോഗ്യപ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ വഴി ആവശ്യമായ പ്രചാരം നൽകി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് എൻഡോസൾഫാൻ ദുരിതബാധിതരുടെ അന്തിമ പട്ടിക സമയബന്ധിതമായി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിലവിൽ 6135 പേരുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനകം ദുരിതബാധിതരെ കണ്ടെത്തുന്നതിനായി കണ്ണൂർ ജില്ലയിലെ ഒരു പഞ്ചായത്ത് ഉൾപ്പെടെ 27 പഞ്ചായത്തുകളിലായി 39 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. കാസർഗോഡ് ജില്ലയിലെ മരുന്ന് തളിച്ച പഞ്ചായത്തുകളിൽപ്പെട്ടവർ മാത്രമല്ല നിലവിലുള്ള ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. മറിച്ച് ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലെയും കണ്ണൂർ ജില്ലയിൽപ്പെട്ടവരും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ദുരിത ബാധിതരായവരെ സഹായിക്കുന്നതിന് പ്രായോഗികവും മനുഷ്യത്വപരവുമായ ഒരു സമീപനം ആവശ്യമാണ്. സമഗ്രമായ ഒരു ആരോഗ്യ-സാമ്പത്തിക സർവ്വേയിലൂടെ എൻഡോസൾഫാൻ രോഗബാധിതരെയും അവരുടെ സാമ്പത്തികശേഷിയേയും സംബന്ധിച്ച വിവരം കണ്ടെത്താനാകുമെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഒരു സമഗ്ര സർവ്വേ

നടത്തുവാൻ മുൻപ് തീരുമാനിച്ചിരുന്നുവെങ്കിലും തുടർനടപടി സ്വീകരിച്ചിരുന്നില്ല. ഇത്തരം ഒരു സർവ്വേയിലൂടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയുമെന്നും സർവ്വേയിലെ കണ്ടെത്തലുകൾ, സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരിതബാധിതരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഏറെ സഹായകരമാകുമെന്നും സമിതി കരുതുന്നു. കൂടാതെ കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്ന് ദുരിതബാധിതരെ സഹായിക്കുന്നതിനായി കൂടുതൽ സാമ്പത്തികസഹായം നേടിയെടുക്കുന്നതിന് പ്രസ്തുത സർവ്വേ ഫലങ്ങൾ ഉപയോഗപ്പെടുത്തുവാനാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ <u>എൻഡോസൾഫാൻ കീടനാശിനി പ്രയോഗിച്ച കാസർഗോഡ് ജില്ലയിൽ ആരോഗ്യ പ്രവർത്തകരെ ഉൾപ്പെടുത്തി സർക്കാർ തലത്തിൽ സമഗ്രമായ ഒരു ആരോഗ്യ സാമ്പത്തിക സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

15. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രശ്നത്തിൽ ഇടപെടുകയും 2010 ഡിസംബറിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കമ്മീഷൻ ചില നിർദ്ദേശങ്ങൾ നൽകുകയും ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക സാമ്പത്തിക സഹായം താഴെപ്പറയുന്ന പ്രകാരം വിതരണം ചെയ്തു.

| ക്രമ നം. | കാറ്റഗറി | തുക |
|---|---|---|
| 1. | പൂർണ്ണമായും കിടപ്പിലായവർ | 5 ലക്ഷം |
| 2. | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 5 ലക്ഷം |
| 3. | എൻഡോസൾഫാൻ മൂലം മരണപ്പെട്ടവരുടെ ആശ്രിതർ | 5 ലക്ഷം |
| 4. | ശാരീരികവൈകല്യമുള്ളവർ | 3 ലക്ഷം |
| 5. | ക്യാൻസർ രോഗികൾ | 3 ലക്ഷം |

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടുവെങ്കിലും ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രത്യേക സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലാത്തവരുടെ നിരവധി ഹർജികൾ സമിതിയ്ക്ക് ലഭിക്കുകയുണ്ടായി.

ഉക്കൂട്ടത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട ശ്രീമതി ടി. വി. മാധവിയുടെ മകനും എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ പേര് ഉൾപ്പെട്ടതുമായ ശ്രീ.ടി.വി. വത്സരാജന് പ്രസ്തുത ഗ്രാമപഞ്ചായത്ത് പ്രത്യേക ധനസഹായത്തിനായി പരിഗണിച്ചു വരുന്ന പഞ്ചായത്തുകളിൽ ഉൾപ്പെടാത്തതിനാൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച പ്രത്യേക സാമ്പത്തിക സഹായം ലഭ്യമായില്ല എന്നുള്ള വസ്തുത പ്രത്യേകം പരാമർശം അർഹിക്കുന്നു.

16. എൻഡോസൾഫാൻ ദുരിത ബാധിത പ്രദേശങ്ങളായി പതിനൊന്ന് പഞ്ചായത്തുകളെയാണ് കണക്കാക്കിയിരിക്കുന്നത്. ഈ പഞ്ചായത്തുകൾക്ക് പുറമെയുള്ള ദേശങ്ങളിൽ അധിവസിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസം അനുവദിക്കാൻ നിലവിൽ പരിമിതികളുണ്ട്. പ്ലാന്റേഷൻ ഒരു പഞ്ചായത്തിന്റെ ഒരു അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽപ്പോലും അതിനടുത്തുള്ള പഞ്ചായത്തിലെ ആളുകൾക്ക് ദുരന്തമുണ്ടാകുകയും സഹായം കിട്ടാതെ വരികയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. അംഗഡ്കൂഡ് ഏരിയായിൽ നിന്ന് 13 കി.മി. ദൂരമുള്ള പഞ്ചായത്തിന്റെ ഭാഗങ്ങളിൽ വരുന്നവർ എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തൊട്ടടുത്ത് താമസിക്കുന്ന ആളുകൾ ദുരിതബാധിതപ്രദേശത്തിന്റെ പരിധിയിൽ വന്നിട്ടില്ലാ എന്നതിനാൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുത ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിലവിൽ ദുരിതബാധിതപ്രദേശങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ള 11 പഞ്ചായത്തുകൾക്ക പുറമെ എൻഡോസൾഫാൻ തളിക്കപ്പെട്ട പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളുടെ അതിർത്തിയിൽ നിന്ന് രണ്ട് കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ കൂടി ദുരിതബാധിതപ്രദേശമായി പരിഗണിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, അടിയന്തര ദുരിതാശ്വാസ സഹായം ലഭ്യമാക്കുന്നതിനുള്ള താൽകാലിക നടപടി എന്ന നിലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻ തോട്ടങ്ങളുടെ അതിർത്തിയിൽ നിന്ന് രണ്ട് കിലോമീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ കൂടി ദുരിതബാധിതപ്രദേശമായി പരിഗണിക്കണമെന്ന സർക്കാർ നിർദ്ദേശം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ദുരിതബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കേണ്ടതുണ്ട്. പ്രസ്തുത മാനദണ്ഡം നിശ്ചയിക്കുമ്പോൾ കീടനാശിനി വായുവിൽകൂടിയും വെള്ളത്തിൽ കൂടിയും പടർന്നിരിക്കാൻ സാധ്യതയുണ്ട് എന്ന വസ്തുത കൂടി പരിഗണിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് ദുരിതബാധിത പ്രദേശങ്ങളായി സർക്കാർ കണക്കാക്കിയിരിക്കുന്ന 11 പഞ്ചായത്തുകളെക്കൂടാതെ കാസർഗോഡ് ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽ കൂടി ശാസ്ത്രീയ പഠനം നടത്തി ദുരിതബാധിത പഞ്ചായത്തുകളുടെ ലിസ്റ്റ് പുനർനിർണ്ണയിക്കണമെന്നും ഭൂമിശാസ്ത്രപരമായ അതിരുകൾ മാനദണ്ഡമാക്കാതെ അഫക്ടഡ് ഏരിയയിൽപ്പെട്ട മുഴുവൻ പ്രദേശങ്ങളും ദുരിതബാധിത മേഖലയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽപ്പെട്ടവരെ മാത്രമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച പ്രത്യേക ധനസഹായത്തിന് പരിഗണിച്ചുവരുന്നത്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള യോഗ്യതയും അവർക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായങ്ങളും നിർദ്ദേശിക്കുന്നതിനായി കെ.പി. അരവിന്ദൻ കമ്മിറ്റിയെ നിയോഗിച്ചുവെങ്കിലും തുടർനടപടികളിൽ വ്യക്തതയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എൻഡോസൾഫാൻ കീടനാശിനി വായുവിലൂടെയും വെള്ളത്തിലൂടെയും വിദൂര പ്രദേശങ്ങളിലേയ്ക്ക് വ്യാപിക്കുവാൻ സാധ്യതയുണ്ടെന്ന ലഭ്യമായ പഠന ഗവേഷണങ്ങളുടെ പശ്ചാത്തലത്തിൽ, ഭൂമിശാസ്ത്രപരമായ അതിരുകൾ നിശ്ചയിച്ച് ഈ സഹായധനം നിഷേധിക്കുന്നത് നീതിയുക്തമാണെന്ന് കരുതാനാവില്ല. ആയതിനാൽ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രത്യേക സാമ്പത്തിക സഹായധനത്തിനുള്ള അർഹതയുടെ മാനദണ്ഡം ഭൂമിശാസ്ത്രപരമായ വേർതിരിവുകൾ ആകരുതെന്നും രോഗം എൻഡോസൾഫാൻമൂലം സംഭവിച്ചതാണെന്ന് വിദഗ്ദ്ധ പരിശോധനയിൽ കണ്ടെത്തിയ അർഹതപ്പെട്ടവർക്കെല്ലാം ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചു വരുമ്പോൾ നിലവിലുള്ള ഗുണഭോക്താക്കളെ ഒഴിവാക്കുകയോ

നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കുകയോ ചെയ്യുന്നത് അംഗീകരിക്കാനാവില്ല. അതിനാൽ നിലവിൽ ആനുകൂല്യത്തിന് അർഹരെന്ന് കണ്ടെത്തി പട്ടികയിൽ ഉൾപ്പെട്ടവരെ ഒഴിവാക്കാതെ അർഹരായ മുഴുവൻ പേരെയും പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. കാസർഗോഡ് ജില്ലയിൽ ജനിക്കുന്നവരിൽ രോഗം ബാധിച്ച ശേഷം ചികിത്സിക്കുന്നതിനേക്കാൾ പ്രസ്തുത രോഗാവസ്ഥ ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഗർഭസ്ഥ ശിശുക്കളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുകയും ഗർഭാവസ്ഥയിൽ കറക്റ്റീവ് ഗൈഡ് സൗജന്യമായി ചെയ്തുകൊടുക്കുകയും ചെയ്യുന്നപക്ഷം ജനിക്കുന്ന ശിശുക്കളുടെ കടുത്ത രോഗാവസ്ഥ ഒരു പരിധി വരെ തടയാൻ സാധിക്കും. ആയതിനാൽ കാസർഗോഡ് ജില്ലയിലെ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ജനിത വൈകല്യം ഗർഭാവസ്ഥയിൽ കണ്ടുപിടിക്കുന്നതിനും വേണ്ട ചികിത്സ നൽകുന്നതിനും പ്രാവീണ്യം നേടിയവരെ നിയോഗിച്ചുകൊണ്ട് സ്ത്രീസൗഹൃദമായ മെഡിക്കൽ സംവിധാനത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. സർക്കാർ ആനുകൂല്യങ്ങൾക്കും ധനസഹായങ്ങൾക്കും അർഹതപ്പെട്ട ഒരാൾ പോലും ഒഴിവാക്കപ്പെടാൻ ഇടയാകരുതെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സംഘടിപ്പിക്കുന്ന സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ എല്ലാ വർഷവും സംഘടിപ്പിക്കണമെന്നും അർഹതപ്പെട്ട മുഴുവൻ ആളുകളെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങൾ എഴുതിതള്ളുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ സമിതിയ്ക്ക് ലഭിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിതള്ളുന്നത് സംബന്ധിച്ച വിഷയം പഠിക്കുന്നതിനായി ജില്ലാകളക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി 10.10.2014-ലെ

ഉദാരമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരിൽ നിന്നും സ്വീകരിച്ച അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് കടബാധ്യതകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആകയാൽ വിവിധ ബാങ്കുകളിലും ഇതര ധനകാര്യ സ്ഥാപനങ്ങളിലും ഉള്ള എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിതള്ളുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യാശ കൊടുക്കുവാനും അവർക്ക് ആത്മവിശ്വാസം നൽകി ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കാനുമുള്ള ഉദ്യമത്തിൽ 'കുടുംബശ്രീ' ഏറ്റവും അനുയോജ്യമായ ഒരു ഏജൻസി ആയിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ദുരിതബാധിതരുടെ ഉപജീവനത്തിനുവേണ്ടി ആരംഭിച്ച തൊഴിൽ പരിശീലനകേന്ദ്രം നിലവിൽ രണ്ട് പഞ്ചായത്തിൽ മാത്രമാണുള്ളതെന്നാണ് സമിതി മനസ്സിലാക്കുന്നത്. കുടുംബശ്രീയുടെ യൂണിറ്റുകൾ വഴിയും തൊഴിൽ പരിശീലനകേന്ദ്രങ്ങൾ വഴിയും ദുരിതബാധിതർക്ക് തൊഴിലിനുള്ള സാധ്യത കണ്ടെത്തേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹായത്തോടെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇത്തരം കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ടെന്നും സമിതി കരുതുന്നു. ആയതിനാൽ ദുരിതബാധിതരുടെ ശാരീരിക പരിമിതികൾക്ക് ഉതകുന്ന വിധത്തിലുള്ള തൊഴിൽ പരിശീലനകേന്ദ്രം രണ്ട് പഞ്ചായത്തുകളിൽ മാത്രം ഒതുക്കി നിർത്താതെ ഇത് എല്ലാ ദുരിതബാധിത പഞ്ചായത്തിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകിയ ബയോമെട്രിക് കാർഡുകൾ ഉപയോഗിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകിയിരുന്നു. എന്നാൽ ഈ കാർഡിൽ എൻഡോസൾഫാൻ രോഗിയാണെന്ന് രേഖപ്പെടുത്താത്തത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി രോഗബാധിതർ സമിതിയോട് പരാതിപ്പെടുകയുണ്ടായി. ആയതിനാൽ ദുരിതബാധിതർക്ക് നൽകുന്ന ബയോമെട്രിക് കാർഡുകളിൽ ആവശ്യമായ ഭേദഗതി വരുത്തി എൻഡോസൾഫാൻ

ബയോമെട്രിക് കാർഡുകളിൽ ആവശ്യമായ ഭേദഗതി വരുത്തി എൻഡോസൾഫാൻ ദുരിതബാധിതരെ പ്രത്യേകം സൂചിപ്പിക്കുന്ന വിധത്തിൽ ബയോമെട്രിക് കാർഡ് തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. എൻഡോസൾഫാൻ ദുരിതബാധിതർക്ക് അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200, 2200 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് അലവൻസായി 700 രൂപയും നൽകിവരുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പെൻഷൻ തുകയും അലവൻസും തുലോം പരിമിതമാണെന്ന് സമിതി കരുതുന്നു. പെൻഷൻ തുക യഥാസമയം ലഭിക്കുന്നില്ലെന്ന പരാതികൾ സമിതിയ്ക്ക് ലഭിക്കുന്നതിനാൽ പെൻഷൻ യഥാസമയം വിതരണം നടത്തുന്നുണ്ടോ; ആർക്കൊക്കെ ലഭിക്കുന്നു; പുതുതായി അംഗങ്ങൾ ഉൾപ്പെടുന്നുണ്ടോ എന്നീ കാര്യങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യപ്പെടേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് അനുവദിച്ചിട്ടുള്ള പെൻഷൻ വിതരണ സംവിധാനം കാര്യക്ഷമമാക്കി പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും പെൻഷൻ തുകയും അലവൻസും കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

26. സംസ്ഥാന സർക്കാർ കാസർഗോഡിനെ ജൈവ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. വിഷവിമുക്ത ഭൂമിക്കായുള്ള പോരാട്ടത്തിലെ നാഴികക്കല്ലായി മാറേണ്ട പ്രഖ്യാപനമാണ് ജൈവ ജില്ല. അങ്ങനെ എൻഡോസൾഫാൻ ജില്ല എന്നത് മാറി നാളെ ശുദ്ധവായുവും തെളിനീരും ആർദ്രതയുള്ള മണ്ണും മനസ്സും ജീവനും നിലനിൽക്കുന്ന ജീവനീതിയുടെ പുതിയ പാഠങ്ങൾ സ്വായത്തമാക്കിയ ജില്ലയായി കാസർഗോഡ് മാറേണ്ടിയിരിക്കുന്നു. കാസർഗോഡിന്റെ പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള ശരിയായ വീക്ഷണവും ഇച്ഛാശക്തി നിറഞ്ഞ ഗൗരവപൂർണ്ണമായ സമീപനവുമാണ് നാളെയുടെ ജീവന്റെ നിലനിൽപ്പിന് അത്യാവശ്യം. ആയതിനാൽ ജൈവജില്ലയെന്ന പ്രഖ്യാപനം പൂർണ്ണതയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ ഗോഡൗണുകളിലായി 1600 ലിറ്റർ എൻഡോസൾഫാൻ സൂക്ഷിച്ചിരിക്കുന്നതായ വിവരം ജനങ്ങളിൽ

ഭീതിയും ആശങ്കയും പരത്തുന്നു. ഇനിയൊരു ദുരന്തം താങ്ങാനാകില്ല. ജനങ്ങളുടെ ആരോഗ്യത്തിന് ദോഷകരമായി വരാത്തവിധം ശേഷിക്കുന്ന കീടനാശിനി നിർവ്വീര്യമാക്കേണ്ടത് ആവശ്യമാണ്. ഇതിന്റെ ഭാഗമായി "ഓപ്പറേഷൻ ബ്ലോസ്സം സ്പ്രിംഗ്" എന്ന ഓപ്പറേഷന് നാന്ദി കുറിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ഇപ്പോൾ ഹൈ ഡെൻസിറ്റി പോളീഎഥലിൻ ഡ്രംസിലേയ്ക്ക് മാറ്റി എൻഡോസൾഫാൻ സേഫ്ഗാർഡ് ചെയ്യുകയും പൊതുജനാരോഗ്യ പ്രശ്നമല്ലാതായി തീരുകയും ചെയ്തുവെന്ന് പറയുന്നുണ്ടെങ്കിലും പ്രസ്തുത ബാരലിന്റെ ഗ്യാരന്റി 2017 വരെയായിരുന്നു എന്നാണ് സമിതി മനസ്സിലാക്കുന്നത്. മാരകമായ കീടനാശിനി സൂക്ഷിക്കുന്ന ബാരലിന്റെ സുരക്ഷിത കാലാവധി കഴിഞ്ഞിരിക്കുന്നു എന്ന വസ്തുതയിലേക്ക് സർക്കാരിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ആയതിനാൽ എൻഡോസൾഫാൻ പൂർണ്ണമായി നിർവീര്യമാക്കുന്നതുവരെ സുസജ്ജമായ സംവിധാനമൊരുക്കി കീടനാശിനി അതീവ സുരക്ഷിതമായി സൂക്ഷിക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. എൻഡോസൾഫാൻപോലുള്ള മാരകമായ കീടനാശിനികൾ നിർവ്വീര്യമാക്കുന്നത് സംബന്ധിച്ച് ഗവേഷണം നടത്തുന്ന സർവ്വകലാശാലകൾ വിദേശത്തുണ്ടെന്നും യു.കെ. കേന്ദ്രീകരിച്ചിട്ടുള്ള ഒരു സർവ്വകലാശാല എൻഡോസൾഫാൻ പ്രകൃതിക്ക് ഹാനികരമല്ലാത്ത വിധം വേർതിരിച്ചെടുക്കുന്ന പരീക്ഷണങ്ങൾ നടത്തുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ 17 വർഷത്തോളമായിട്ടും ബാരലുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ കീടനാശിനി നിർവീര്യമാക്കാൻ കഴിയാത്തതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. എൻഡോസൾഫാൻ കീടനാശിനി നിർവീര്യമാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവകലാശാല യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നും ബാരലുകളിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ നിർവ്വീര്യമാക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

29. നഷ്ടപരിഹാരം, ധനസഹായം എന്നിവ നൽകുന്നതിലേക്ക് സർക്കാർ ഏറ്റെടുക്കേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിനായി ദുരന്തത്തിന് ഉത്തരവാദികളായ എൻഡോസൾഫാൻ കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് തന്നെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരത്തുക ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനി ഉത്പാദിപ്പിച്ച് വിതരണം നടത്തിയ സ്ഥാപനത്തിനെതിരെ അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് കേസ് ഫയൽ ചെയ്യുന്നതിനുള്ള സാധ്യതയും സർക്കാർ നിയമവിദഗ്ദ്ധരുമായി ആലോചിച്ച് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി സ്കൂളുകൾ, ആശുപത്രികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ഷോർട്ട് സ്റ്റേ ഹോമുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒരു റീഹാബിലിറ്റേഷൻ വില്ലേജ് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചതായി തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത വില്ലേജിൽ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായി ശാരീരിക-മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ എന്നിവയുള്ള സൗകര്യങ്ങളാണ് ഒരുക്കുക. പ്രസ്തുത റീഹാബിലിറ്റേഷൻ വില്ലേജ് സ്ഥാപിക്കുന്നതിനായി കാസർഗോഡ് മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി കണ്ടെത്തുകയും ആയത് സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും കൈവശാവകാശവും നൽകി 02.03.2016-ൽ നമ്പർ (എം.എസ്)217/ 2016/റവ പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് നൽകിയിട്ടുമുണ്ട്. രണ്ട് ഘട്ടങ്ങളിലായി 25 കോടി രൂപ ചെലവിൽ പ്രസ്തുത റീഹാബിലിറ്റേഷൻ വില്ലേജ് സ്ഥാപിക്കുന്നത് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഏറെ ആശ്വാസം നൽകുന്നതും പുനരധിവാസം ഉറപ്പാക്കുന്നതുമാണ്. ആയതിനാൽ മുളിയാർ

പഞ്ചായത്തിൽ റീഹാബിലിറ്റേഷൻ വില്ലേജ് സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദിഷ്ട പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കുവാൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. എൻഡോസൾഫാൻ ദുരിതബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് കാസർഗോഡ് ജനറൽ ആശുപത്രിയെ സജ്ജമാക്കുന്ന വിഷയം സമിതി പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഫിസിയോ തെറാപ്പി സെന്റർ, ഡയാലിസിസ് യൂണിറ്റ്, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പീഡിയാട്രിക് ഇന്റൻസീവ് കെയർ എന്നിവ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും സൂപ്പർ സ്പെഷ്യാലിറ്റി, ന്യൂറോളജി. നെഫ്രോളജി വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിലും സൂപ്പർ സ്പെഷ്യലിസ്റ്റുകളുടെ അഭാവത്താൽ ആയത് ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മെച്ചപ്പെട്ട ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനായി കാസർഗോഡ് ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന വികലാംഗരെയും പ്രാഥമിക വിദ്യാഭ്യാസമോ തൊഴിൽ പരിചയമോ നൽകി സ്വയം പര്യാപ്തമാക്കുന്നതിന് സർക്കാർ ആരംഭിച്ച സ്പെഷ്യൽ സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസവകുപ്പും സംയുക്തമായി പ്രസ്തുത ബഡ്സ് സ്കൂളുകൾ നടത്തിവരുന്നു. പകൽ പരിപാലനം കുടുംബശ്രീയുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. സംസ്ഥാനത്ത് 54 ബഡ്സ് സ്കൂളുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ച് വരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ ബഡ്സ് സ്കൂളുകളുടെ പ്രത്യേകത എൻഡോസൾഫാൻ ദുരിതബാധിതരാണ് ഇവിടെ കൂടുതലും എന്നതാണ്. കുട്ടികളുടെ ബോധപൂർവ്വമല്ലാത്ത ഉപദ്രവത്തെപ്പോലും വാത്സല്യത്തോടെ സ്വീകരിക്കുന്ന പ്രത്യേക പരിശീലനം നേടിയ, നല്ല അധ്യാപകരും ആയമാരുമാണ്

ഈ സ്കൂളിന്റെ കരുത്ത്. ഈ സ്കൂളിലെ അധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും ആവശ്യമായ പരിശീലനം കുടുംബശ്രീ മിഷൻ മുഖേന നല്കിവരുന്നു. ഈ സ്കൂളുകൾക്ക് Persons With Disability Act പ്രകാരം നിശ്ചയിക്കപ്പെട്ട അംഗീകാരം ഡി.പി.ഐ-യിൽ നിന്നാണ് ലഭിക്കുക. എന്നാൽ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണപരമായ നിയന്ത്രണം പൊതു വിദ്യാഭ്യാസ വകുപ്പിനാണ്. അതിനാൽ ഇത്തരം സ്ഥാപനങ്ങൾക്ക് പ്രസ്തുത വകുപ്പിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്.

34. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം വാങ്ങി നടത്തി വരുന്ന ബഡ്സ് സ്പെഷ്യൽ സ്കൂളുകളിൽ ആവശ്യമായ സ്പെഷ്യൽ ട്രെയിനിംഗ് യോഗ്യത നേടിയ അധ്യാപകരും ഭിന്നശേഷിക്കാരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള മതിയായ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. പ്രത്യേക യോഗ്യത നേടിയ അധ്യാപകരുടെ സ്നേഹപൂർണ്ണവും ക്ഷമാപൂർവ്വവുമായുമുള്ള പരിചരണം കുട്ടികളുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളെ പരിശീലിപ്പിക്കുവാനും പരിചരിക്കുവാനും പ്രത്യേക പരിശീലനം ലഭിച്ച അധ്യാപക-അനധ്യാപകരെ കൂടുതലായി ഈ മേഖലയിൽ ആവശ്യമുണ്ടെങ്കിലും അവർക്കുള്ള പരിശീലനം സൗജന്യമായല്ല നൽകുന്നതെന്നും അവർ നൽകുന്ന സേവനത്തിനനുസൃതമായല്ല വേതനം നൽകുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ബഡ്സ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക-അനധ്യാപകർക്ക് മെച്ചപ്പെട്ട വേതനം നൽകണമെന്നും അത് കാലാനുസൃതമായി പരിഷ്കരിക്കണമെന്നും ഈ മേഖലയിൽ ജോലി ചെയ്യാൻ താത്പര്യമുള്ളവർക്ക് സൗജന്യ പരിശീലനം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. കാസർഗോഡ് ജില്ലയിലെ എല്ലാ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലും ദുരിതബാധിതർക്കായി പ്രത്യേകം സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ മാനസികവൈകല്യമുള്ള ദുരിതബാധിതർക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6

എണ്ണവും നീലേശ്വരം മുനിസിപ്പാലിറ്റിയിൽ ഒന്നും ഉൾപ്പെടെ 7 ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ബഡ്സ് സ്കൂളുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | സ്കൂളിന്റെ പേര് |
|---|---|---|
| 1 | മുളിയാർ | തണൽ |
| 2 | കള്ളാർ | ചാച്ചാജി |
| 3 | പുല്ലൂർ പെരിയ | മഹാത്മ |
| 4 | എൻമകജെ | സാന്ത്വനം |
| 5 | കാറഡുക്ക | സ്നേഹ |
| 6 | കയ്യൂർ ചീമേനി | സ്നേഹതീരം |
| 7 | നീലേശ്വരം നഗരസഭ | പ്രത്യാശ |

36. സ്വയമറിയാതെ ഏറ്റുവാങ്ങേണ്ടിവന്ന വിഷ ദുരിതത്താൽ നാല് ചുവരുകൾക്കുള്ളിൽ കഴിച്ചുകൂട്ടാൻ വിധിക്കപ്പെട്ട കുട്ടികൾക്ക് സ്നേഹപരിചരണം ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ കർത്തവ്യമാണ്. ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടില്ലാത്ത കാസർഗോഡ് ജില്ലയിലെ ശേഷിക്കുന്ന ദുരിതബാധിത പഞ്ചായത്തുകളിലും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഭിന്നശേഷിക്കാരായ ഓരോ കുട്ടിയും നിശ്ചിത പ്രായത്തിൽ കൈവരിക്കേണ്ട ശേഷി മാനദണ്ഡമാക്കി അവരുടെ ശാരീരിക മാനസിക വളർച്ചയും പരാശ്രയമില്ലാത്ത ജീവിതത്തിന് പ്രാപ്തരാക്കുവാനുമുള്ള സജ്ജീകരണങ്ങൾ ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

37. കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ ആകാത്തവിധം ചലന ശേഷിയില്ലാത്ത കുട്ടികളുടെ മാതാപിതാക്കൾ സമിതിയ്ക്ക് സമർപ്പിച്ച ഹർജി വിഷയം ഏറെ പരിഗണനാർഹമാണെന്ന് സമിതി വിലയിരുത്തുന്നു. ചലനശേഷിയില്ലാത്ത തങ്ങളുടെ കുട്ടികളെ ബഡ്സ് സ്കൂളിൽ എത്തിക്കുന്നതിന് നിർദ്ധനരായ മാതാപിതാക്കൾ

നിത്യേന നല്ല തുക ചെലവഴിക്കേണ്ടിവരുന്നെന്നും ഇത് തങ്ങൾക്ക് താങ്ങാനാകുന്നില്ലെന്നും ഇത്തരത്തിൽപ്പെട്ട കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സമിതി മുൻപാകെ ലഭിക്കുന്നുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്പെഷ്യൽ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും അവ പര്യാപ്തമല്ലെന്നാണ് സമിതി മനസിലാക്കുന്നത്.

38. ചലനശേഷി നഷ്ടപ്പെട്ട എൻഡോസൾഫാൻ ദുരിത ബാധിതരായ കുട്ടികൾക്ക് ബഡ്സ് സ്കൂളിൽ പോയി മടങ്ങുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുന്നത് അവരുടെ രക്ഷിതാക്കൾക്ക് ഏറെ ആശ്വാസകരമായിരിക്കും. വാഹന സൗകര്യം ലഭ്യമല്ലാത്തതിനാൽ നിത്യേന ഈ കുട്ടികളെ സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നതിൽ മാതാപിതാക്കൾ വിമുഖത കാട്ടാനുള്ള സാധ്യത സമിതി മനസ്സിലാക്കുന്നു. അതിനാൽ എൻഡോസൾഫാൻ ദുരിത ബാധിതരായ കുട്ടികൾക്ക് ബഡ്സ് സ്കൂളുകളിൽ എത്തിച്ചേരുന്നതിലേയ്ക്കായി മതിയായ വാഹന സൗകര്യം ഏർപ്പെടുത്തണമെന്നും അല്ലാത്തപക്ഷം സ്പെഷ്യൽ വെഹിക്കിൾ അലവൻസ് ഇനത്തിൽ ഒരു നിശ്ചിത തുക പ്രതിമാസം അനുവദിച്ച് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

39. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രത്യേക ധനസഹായം നൽകുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ് 28.03.2014-ലെ ജി.ഒ(ആർ.ടി)നം.201/ 2014/സാ.നീ.വ., 28.03.2014-ലെ ജി.ഒ(ആർ.ടി)നം. 226/14/സാ.നീ.വ പ്രകാരം 33.42 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തു. ആകെ 161.65 കോടി രൂപ സർക്കാർ പ്രത്യേക ധനസഹായം നൽകുന്നതിനായി ഇതിനകം അനുവദിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ "The union of India shall give adequate financial help to the State Government" എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്ന് നാളിതുവരെ ഈയിനത്തിൽ തുക ലഭിച്ചിട്ടില്ലെന്നാണ് സമിതിയ്ക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആയതിനാൽ ദുരിതബാധിതരെ സഹായിക്കുന്നതിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം കേന്ദ്ര വിഹിതം നേടിയെടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന് കാസർഗോഡ്, രാജപുരം, ചീമേനി, ആദൂർ/ഓട് എന്നീ നാല് എസ്റ്റേറ്റുകളുണ്ട്. 31.05.2012-ലെ

സർക്കാർ ഉത്തരവ് പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുകയായി 87.26 കോടി രൂപ നൽകണമെന്ന് കമ്പനിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ രണ്ട് ഗഡുക്കളായി 53.10 കോടി രൂപ നൽകിയതായാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. 34.16 കോടി രൂപ ദുരിതബാധിതർക്കു നൽകുവാൻ ശേഷിക്കുന്നതായി നിയമസഭയിൽ സമർപ്പിച്ച 2016-17-ലെ കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും ദുരിതബാധിതർക്ക് സാമ്പത്തികസഹായം നൽകുന്നതിനും വളരെയധികം തുക ആവശ്യമാണ്. കോർപ്പറേഷന്റെ സാമ്പത്തികശേഷിക്ക് ആനുപാതികമായി ദുരിതബാധിതർക്ക് കൂടുതൽ തുക നൽകുന്ന ഉത്തരവാദിത്വത്തിൽ നിന്ന് കമ്പനിയ്ക്ക് ഒഴിഞ്ഞുമാറാനാകില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നഷ്ടപരിഹാരത്തുകയായി പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള സർക്കാരിന് നൽകാൻ ശേഷിക്കുന്ന 34.16 കോടി രൂപ കാസർഗോഡ് ജില്ലാകളക്ടറുടെ ഫണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. പ്ലാന്റേഷൻ കോർപ്പറേഷന്റെ അടുത്ത പത്ത് വർഷത്തെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ.) ഫണ്ട് എൻഡോസൾഫാൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലാ എസ്റ്റേറ്റുകളിലെ നിയമനങ്ങളിൽ 25 ശതമാനം എൻഡോസൾഫാൻ ദുരിതബാധിതർക്കോ അവരുടെ ആശ്രിതർക്കോ മാത്രമായി നീക്കിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന വിവിധ നിയമനങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിലവിൽ മുൻഗണന നൽകി വരുന്നുണ്ട്. എന്നാൽ പലപ്പോഴും അവർ പ്രസ്തുത ജോലിക്ക് ശാരീരിക/മാനസിക ക്ഷമതയുള്ളവരാകില്ല. ആയതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ശേഷിയില്ലാത്ത പക്ഷം അവരുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന് നിയമനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ദുരിതബാധിതർക്ക് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

- മൊബൈൽ മെഡിക്കൽ ടീമുകൾ
- ഭവന കേന്ദ്രീകൃത സാന്ത്വന ചികിത്സ
- എം പാനൽ ചെയ്ത ആശുപത്രികളിൽ വിദഗ്ധ ചികിത്സ
- വീടുകളിലും ആശുപത്രികളിലും ഫിസിയോതെറാപ്പി സേവനം
- രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനായുള്ള ആംബുലൻസ് സൗകര്യവും മറ്റ് വാഹനങ്ങളും
- മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണം ലഭ്യമാക്കൽ
- സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രിയിൽ പീഡിയാട്രിക് ഐ.സി.യു സൗകര്യവും ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യവും.
- ദുരിതബാധിത മേഖലയിൽ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ സ്റ്റാഫ് നേഴ്സ്, ഫിസിയോ തെറാപ്പിസ്റ്റ്, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ തുടങ്ങിയ നൂറിൽപ്പരം അഡീഷണൽ സ്റ്റാഫ്
- പ്രതിമാസ പെൻഷൻ
- സൗജന്യ റേഷൻ
- ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ബി.പി.എൽ കാർഡ്
- വിദ്യാഭ്യാസ സ്കോളർഷിപ്പ്
- ബഡ്സ് സ്കൂൾ (സ്പെഷ്യൽ സ്കൂൾ)
- രോഗികളെ പരിചരിക്കുന്നതിനുള്ള സ്പെഷ്യൽ ആശ്വാസ കിരണം
- ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് അടിയന്തര ചികിത്സ.

45. വിവേചനമില്ലാതെ എല്ലാ എൻഡോസൾഫാൻ ദുരിതബാധിതർക്കും വിവിധ വകുപ്പുകൾ മുഖേന നൽകുന്ന സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ദുരിതബാധിതരുടെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനുമായി ആരോഗ്യ പ്രവർത്തകരുടെ സേവനം ഉറപ്പാക്കണമെന്നും അവർ നിശ്ചിത ഇടവേളകളിൽ ദുരിത ബാധിത മേഖലയിൽ ഭവന സന്ദർശനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

46. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസമേകുന്നതിനായി ചുവടെ ചേർക്കുന്ന വിവിധ പദ്ധതികൾക്ക് സർക്കാർ വകുപ്പുകൾ രൂപം നൽകിയിരിക്കുന്നു. (അനുബന്ധമായി ചേർക്കുന്നു.)

| | | |
|---|---|---|
| സാമൂഹ്യനീതി വകുപ്പ് | - | 66 |
| അനിമൽ ഹസ്ബന്ററി വകുപ്പ് പ്രോജക്ട് | - | 5 |
| വിദ്യാഭ്യാസ വകുപ്പ് | - | 66 |
| ആരോഗ്യവകുപ്പ് | - | 44 |
| കേരള വാട്ടർ അതോറിറ്റി | - | 52 |

സമിതിയുടെ പരിശോധനാ വേളയിൽ സർക്കാർ വകുപ്പുകൾ രൂപം നൽകിയ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായിരുന്നു. പദ്ധതികളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല കാസർഗോഡ് ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പരാശ്രയം കൂടാതെ ജീവിതം നയിക്കാൻ സാധിക്കാത്ത എൻഡോസൾഫാൻ ദുരിതബാധിതരുടെ ജീവിതത്തിന് ഒരളവുവരെയെങ്കിലും ആശ്വാസം പകരുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഈ റിപ്പോർട്ട് സഹായകരമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു

തിരുവനന്തപുരം,
2018 ജൂൺ 7

**പി. അയിഷാപോറ്റി,**
**അദ്ധ്യക്ഷ,**
**സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.**

| PROFORMA SHOWING THE PRESENT STATUS OF ENDOSULFAN PROJECTS - LSGD DIVISION KASARAGOD AS ON 14 - 06 - 2014 | | | | | |
|---|---|---|---|---|---|
| Sl. No | Name of the project | Estimate Amount in lacs | AS sanctioned or not | TS sanctioned or not | Present Status of the project |
| SOCIAL WELFARE DEPARTMENT PROJECTS | | | | | |
| 1 | Construction of Anganwadi Building at Belinje in Kumbadaje grama panchayath | 7.90 | Yes | Yes | Building upto roof level |
| 2 | Construction of Anganwadi at 17th Mile in Karadka grama panchayath | 7.40 | Yes | Yes | Final bill Amount paid Rs 927583(New allotment required) |
| 3 | Construction of Anganwadi at Adhurpallam in Karadka grama panchayath | 7.40 | Yes | Yes | Structure completed |
| 4 | Construction of Anganwadi at Bellige in Kumbadaje grama panchayath | 7.90 | Yes | Yes | Super structure work in progress |
| 5 | Construction of Anganwadi at Gadigudde in Kumbadaje grama panchayath | 7.90 | Yes | Yes | Final bill submitted to Sub collector |
| 6 | Construction of Anganwadi at Bench Court in Muliyar grama panchayath | 7.40 | Yes | yes | Agreement Executed |
| 7 | Construction of Anganwadi at Gosada in Kumbadaje grama panchayath | 7.90 | Yes | Yes | Work completed, Bill submitted to Sub Division |
| 8 | Construction of Anganwadi at Bovikkanam in Muliyar grama panchayath | 7.40 | Yes | Yes | Work completed ,Final Bill Amount paid(Rs:736186/-) |
| 9 | Construction of Anganwadi at Iriyanni in Muliyar grama panchayath | 7.40 | Yes | Yes | Work completed, Bill submitted to subdivision |
| 10 | Construction of Anganwadi at Peranthotty in Kumbadaje grama panchayath | 7.90 | Yes | Yes | Final bill submitted to Sub collector |
| 11 | Construction of Anganwadiat at Kallangol in Karadka grama panchayath | 7.40 | Yes | Yes | Final bill Amount paid(Rs:943624/-) |
| 12 | Construction of Anganwadi at Karle in Karadka grama panchayath | 7.40 | Yes | Yes | Agreement executed |
| 13 | Construction of Anganwadi at Kattathubayal in Karadka grama panchayath | 7.40 | Yes | Yes | Tender Approved, Agt. To be executed |
| 14 | Construction of Anganwadi at Kottoor in Muliyar grama panchayath | 7.40 | Yes | Yes | Work completed ,Final Bill Amount paid(Rs:932645/-) (New allotment required) |
| 15 | Construction of Anganwadi at Kukkumkai in Karadka grama panchayath | 7.40 | Yes | Yes | Work Started |
| 16 | Construction of Anganwadi at Madani nagar in Muliyar grama panchayath | 7.40 | Yes | Yes | Final bill Amount paid(Rs:896946/-) |
| 17 | Construction of Anganwadi at Maikuzhi in Muliyar grama panchayath | 7.40 | Yes | Yes | Final bill submitted to Sub collector on 15.05.2014 |
| 18 | Construction of Anganwadi at Malangai in Karadka grama panchayath | 7.40 | Yes | Yes | Final bill Amount paid(Rs:934099/-) |
| 19 | Construction of Anganwadiat at Manjakkal in Muliyar grama panchayath | 7.40 | Yes | Yes | Work started |
| 20 | Construction of Anganwadi at Puthrakala in Kumbadaje grama panchayath | 7.90 | Yes | Yes | Work completed,Bill under preparation |

| | | | | | |
|---|---|---|---|---|---|
| 21 | Construction of Anganwadi at Pilankatta in Badiadka grama panchayath | 8.10 | Yes | Yes | Final bill submitted to subcollector |
| 22 | Construction of Anganwadi at Muniyoor in Kumbadaje grama panchayath | 7.90 | Yes | Yes | Work completed, Bill submitted to Division |
| 23 | Construction of Anganwadi at Kaymala in Bellur grama panchayath | 9.45 | Yes | Yes | Final bill Amount paid(Rs:1047053/-) |
| 24 | Construction of Anganwadi at Navungalkatta in Karadka grama panchayath | 7.40 | Yes | Yes | Final bill Amount paid(Rs:953841/-) |
| 25 | Construction of Anganwadi at Kayarpadavu in Bellur grama panchayath | 9.98 | Yes | Yes | Final bill Amount paid(Rs:1071410/-) |
| 26 | Construction of Anganwadi at Baja in Bellur grama panchayath | 9.73 | Yes | Yes | Final bill submitted to sub collector |
| 27 | Construction of Anganwadi at Mundakai in Muliyar grama panchayath | 7.40 | Yes | Yes | Final bill submitted to sub collector |
| 28 | Construction of Anganwadi at Panoor in Muliyar grama panchayath | 7.40 | Yes | Yes | Final bill submitted to sub collector |
| 29 | Construction of Anganwadi at Adka in Enmakaje grama panchayath | 7.00 | Yes | Yes | Work completed ,Final Bill Amount paid(Rs:797365/-) |
| 30 | Construction of Anganwadi at Adottukaya in Kallar grama panchayath | 7.00 | Yes | Yes | Final bill submitted to Sub Collector |
| 31 | Construction of Anganwadi at Chavarkadu in Enmakaje grama panchayath | 7.00 | Yes | Yes | Work completed,Bill under preparation |
| 32 | Construction of Anganwadi at Chettukallu in Kallar grama panchayath | 7.00 | Yes | Yes | plastering work in progress |
| 33 | Construction of Anganwadi at Chimmniyadka in Badiadka grama panchayath | 7.00 | Yes | Yes | Plastering work started |
| 34 | Construction of Anganwadi at Chirakod in Kallar grama panchayath | 7.00 | Yes | Yes | Site levelling |
| 35 | Construction of Anganwadi at Gunaje in Enmakaje grama panchayath | 7.00 | Yes | Yes | Final bill submitted to Sub Collector |
| 36 | Construction of Anganwadi at Kadamala in Panathady grama panchayath | 7.00 | Yes | Yes | Completed up to Roof level |
| 37 | Construction of Anganwadi at Kallappally in Panathady grama panchayath | 7.00 | Yes | Yes | Structure completed |
| 38 | Construction of Anganwadi at Kalliot in Pullur periya grama panchayath | 7.00 | Yes | Yes | Final bill submitted to Sub collector |
| 39 | Construction of Anganwadi at Chottathadukke in Badiadka grama panchayath | 7.00 | Yes | Yes | Work completed,Bill under preparation |
| 40 | Construction of Anganwadi at Kaneeladukkam in Kallar grama panchayath | 7.00 | Yes | Yes | plastering work in progress |
| 41 | Construction of Anganwadi at Kappally in Kallar grama panchayath | 7.00 | Yes | Yes | painting work in progress |
| 42 | Construction of Anganwadi at Karakkunnu in Ajanur grama panchayath | 7.00 | Yes | Yes | Finishing work in progress |
| 43 | Construction of Anganwadi at Keloth in Pullur Periya grama panchayath | 7.00 | Yes | Yes | Work completed, bill under preparation |

| | | | | | |
|---|---|---|---|---|---|
| 44 | Construction of Anganwadi at Kollappuram in Panathady grama panchayath | 7.00 | Yes | Yes | Tendered- Waiting for approval from HPC |
| 45 | Construction of Anganwadi at Madathadukka in Badiadka grama panchayath | 7.00 | Yes | Yes | painting work in progress |
| 46 | Construction of Anganwadi at Moolakandam in Ajanur grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:759605/-) |
| 47 | Construction of Anganwadi at Malangara in Enmakaje grama panchayath | 7.40 | Yes | Yes | Work yet to be started |
| 48 | Construction of Anganwadi at Muzhakkome Vadakkekara in Kayyur Cheemeni grama panchayath | 7.00 | Yes | Yes | Work completed,bill under preparation |
| 49 | Construction of Anganwadi at Neduvottupara in Pullur Periya grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:919915/-) |
| 50 | Construction of Anganwadi at Pallam in Enmakaje grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:866290/-) (New allotment required) |
| 51 | Construction of Anganwadi at Pattuvam in Panathady grama panchayath | 7.00 | Yes | Yes | Work Completed,final bill under preparation |
| 52 | Construction of Anganwadi at Periya in Pullur Periya grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:910955/-) |
| 53 | Construction of Anganwadi at Periyaram in Panathady grama panchayath | 7.00 | Yes | Yes | Work completed ,Final Bill Amount paid(Rs:883676/-) |
| 54 | Construction of Anganwadi at Perumbally in Kallar grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:805189/-). (New Allotment required) |
| 55 | Construction of Anganwadi at Poothappallam in Karadka grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:940122/-) |
| 56 | Construction of Anganwadi at Poothamkandath in Kayyur Cheemeni grama panchayath | 7.00 | Yes | Yes | Work completed ,Final Bill Amount paid(Rs:862551/-) |
| 57 | Construction of Anganwadi at Pratharakavu in Panathady grama panchayath | 7.00 | Yes | Yes | Final bill Amount paid(Rs:783123/-) |
| 58 | Construction of Anganwadi at Sarpamkala in Enmakaje Grama Panchayath | 7.00 | Yes | Yes | Final bill Amount paid(Rs:930833/-) |
| 59 | Construction of Anganwadi at Seethangoli in Badiadka Grama Panchayath | 7.00 | Yes | Yes | bill under scruitiny in division |
| 60 | Construction of Anganwadi at Seraje in Enmakaje Grama Panchayath | 7.00 | Yes | Yes | Final bill Amount paid(Rs:927934/-) |
| 61 | Construction of Anganwadi at Thacharkadavu in Panathady Grama Panchayath | 7.00 | Yes | Yes | Plastering completed |
| 62 | Construction of Anganwadi at Thazhathuperiya in Pullur Periya Grama Panchayath | 7.00 | Yes | Yes | Final bill Amount paid(Rs:886818/-) |
| 63 | Construction of Anganwadi at Thumbodi in Panathady Grama Panchayath | 7.00 | Yes | Yes | Final bill Amount paid(Rs:860502/-) |
| 64 | Construction of Anganwadi at Kangila in Badiadka Grama Panchayath | 7.00 | Yes | Yes | Setting out has done |
| 65 | Construction of Anganwadi at Kanhiradukam in Pullur Periya | 7.00 | Yes | Yes | Finalbill Amount paid(Rs:823964/-) |

| | | | | | |
|---|---|---|---|---|---|
| 66 | Construction of Creche Building at 13th mile Karadka in Karadka Grama panchayath | 7.40 | Yes | Yes | Agreement Executed |
| | **ANIMAL HUSBANDARY DEPARTMENT PROJECTS** | | | | |
| 1 | Extension of Veterinary Dispensary at Periye in Pullur Periya grama panchayath | 3.00 | Yes | Yes | Work started |
| 2 | Construction of ICDP Sub-center at Ayamapara in Pullur Periya grama panchayath | 3.00 | Yes | Yes | Tender Approval from HPC waiting |
| 3 | Construction of ICDP Sub-center at Kanhiradukkam in Pullur Periya grama panchayath | 3.00 | Yes | Yes | Work started |
| 4 | Modernisation of ICDP Sub-center at Iriye in Pullur Periya grama panchayath | 1.03 | Yes | Yes | Tendered 31-12-13, - No Response |
| 5 | Construction of ICDP Sub Centre, Natekkal, Bellur | 3.00 | Yes | Yes | Agreement executed |
| | **EDUCATION DEPARTMENT** | | | | |
| 1 | Construction of Building fr SABMUPS Vidyagiri - Badiaduka | 7.75 | Yes | Yes | Work completed , Final Bill paid(Rs:974734/-) |
| 2 | Construction of Classroom Building for GVHSS Ambalathra in Pullur periya grama panchayath | 50.00 | Yes | Yes | Ground floor slab form work level |
| 3 | Construction of Government Higher Secondary School Adhur in Karadka grama panchayath | 117.00 | Yes | No | Estimate under preparation |
| 4 | Construction of Kitchen in GLPS Bavikkara in Muliyar grama panchayath | 2.70 | Yes | Yes | Final bill Amount paid(Rs:336522/-) |
| 5 | Construction of new BUDS School Building at Madhaka in Bellur grama panchayath | 145.00 | Yes | No | Estimate under preparation |
| 6 | Construction of new BUDS School Building at Perla in Enmakaje grama panchayath | 145.00 | Yes | No | Estimate under correction |
| 7 | Construction of BUDS school building at Kallar in Kallar grama panchayath | 145.00 | Yes | No | Land Finalised, Estimate under preparation |
| 8 | Construction of Government Higher Secondary School Kalliot in Pullur periya grama panchayath | 145.00 | Yes | No | Estimate under preparation |
| 9 | Construction of new BUDS School Building Karadka in Karadka grama panchayath | 145.00 | Yes | No | Estimate correction has been done and submitted to divisiovn |
| 10 | Construction of Building for GVHSS Kyyur in Kayyur Cheemeni grama panchayath | 35.00 | Yes | Yes | Work completed ,Final Bill Amount paid(Rs:4615088/-) |
| 11 | Construction of new BUDS School Building at Kayyur in Kayyur Cheemeni grama panchayath | 145.00 | Yes | No | Estimate re Submitted to division |
| 12 | Construction of new BUDS School Building Kumbadaje in Kumbadaje grama panchayath | 145.00 | Yes | No | Tender schedule prepared |
| 13 | Construction of new BUDS School Building Muliyar in Muliyar grama panchayath | 145.00 | Yes | No | Estimate under correction |
| 14 | Construction of Building GUPS Muzhakkome in Kayyur Cheemeni grama panchayath | 40.00 | Yes | Yes | work completed,Partl Bill Amount paid(Rs:3886462/-), Revised estimate has to be prepared |
| 15 | Construction of new BUDS School Building at Panathady in Panathady grama panchayath | 145.00 | Yes | No | Estimate correction is doing |

| | | | | | |
|---|---|---|---|---|---|
| 16 | Construction of Government Higher Secondary School Nattekkal in Bellur grama panchayath | 130.00 | Yes | No | Esimate under scruitiny in Division |
| 17 | Construction of Government Upper Primary School Kanathur in Muliyar grama panchayath | 42.60 | Yes | Yes | plastering started |
| 18 | Construction of Classroom for SSALPS Udayagiri in Badiadka grama panchayath | 7.25 | Yes | Yes | Final bill submitted to Sub collector |
| 19 | Construction of Buds School at Kumbadaje in Kumbadaje grama panchayath | 62.50 | Yes | No | Project duplicate - to be avoided. |
| 20 | Construction of Building for GHSS Cheemeni in Kayyur Cheemeni grama panchayath | 65.00 | Yes | Yes | Plastering is going on |
| 21 | Construction of Government Higher Secondary School Periya in Pullur Periya grama panchayath | 68.50 | Yes | Yes | Lintel level completed, work in progress |
| 22 | Construction of Classroom Building for GVHSS Kuniya in Pullur Periya grama panchayath | 75.00 | Yes | Yes | Work completed, bill submitted to division |
| 23 | Construction of Building for GLPS Iriyanni in Muliyar grama panchayath | 76.75 | Yes | Yes | Part bill Amount paid(Rs:4883044/-); Work completed final bill preparing |
| 24 | Construction of Classroom Building for MPGVHSS Bellikoth in Ajanur grama panchayath | 70.00 | Yes | Yes | Finishing work in progress |
| 25 | Construciton of Building for GVHSS Mulleriya in Karadka grama panchayath | 68.80 | Yes | Yes | structure completed,Part bill Amount paid(Rs:3486713/-) |
| 26 | Construction of Classroom Building for GVHSS Iriyanni in Muliyar grama panchayth | 81.00 | Yes | Yes | Work completed,bill under preparation |
| 27 | Construction of Government Higher Secondary School Kuniya in Pullur periya grama panchayath | 65.00 | Yes | Yes | Work completed, bill submitted to division |
| 28 | Construction of Building fr GHSS Kottodi in Kallar grama panchayath | 67.00 | Yes | Yes | Survey report is prepared by AE for demolishing the existing building |
| 29 | Construction of Building for MPSGVHSS Bellikoth in Ajanur grama panchayath | 55.50 | Yes | Yes | Ground floor roof slab |
| 30 | Construction of Classroom Building for GHSS Kalliot in Pullur periya grama panchayath | 102.50 | Yes | Yes | First Floor slab level completed |
| 31 | Construction of Building for GHSS Adhur in Karadka grama panchayath | 106.00 | Yes | Yes | Agreement executed |
| 32 | Construction of new BUDS School Building at Periya in Pullur periya grama panchayath | 145.00 | Yes | No | Correction has been done and submitted to division |
| 33 | Construction of Government Vocational Higher Secondary school Ambalathara in Pullur periya grama panchayath | 100.50 | Yes | Yes | work completed,Part bill Amount paid(Rs:5299505/-); Final bill preparing |
| 34 | Construction of Government Higher Secondary School Ravaneswaram in Ajanur grama panchayath | 100.00 | Yes | Yes | Complete up to First floor column |
| 35 | Improvements to GUPS Muliyar Mappila in Muliyar grama panchayath | 57.55 | Yes | Yes | First floor slab level finished,Part Bill Amount paid(Rs:2962322/-) |
| 36 | Construction of Building GUPS Pullur in Pullurperia grama panchayath | 18.00 | Yes | Yes | Finalbill Amount paid(Rs:2183718/-) |
| 37 | Improvements to GWLPS Bela in Badiadka grama panchayath | 17.00 | Yes | Yes | bill under scruitiny in Division |

| | | | | | |
|---|---|---|---|---|---|
| 38 | Construction of Government Lower Primary School Chalingal in Pullur periya grama panchayath | 17.00 | Yes | Yes | Final bill Amount paid(Rs:1949684/-) |
| 39 | Construction of Government Vocational Higher Secondary school Karadka in Karadka grama panchayath | 205.00 | Yes | No | Estimate under preparation |
| 40 | Construction of Government Vocational Higher Secondary school Mulleria in Karadka grama panchayath | 326.50 | Yes | No | Structural design received from LBS, Estimate under preparation. |
| 41 | Construction of Building for GLPS Muchilot in Ajanur grama panchayath | 18.00 | Yes | Yes | Final bill Amount paid(Rs:2253362/-) |
| 42 | Construction of Classroom Building for GVHSS Karadka in Karadka grama panchayath | 183.00 | Yes | No | Estimate under preparation |
| 43 | Construction of Government Vocational Higher Secondary school Kayyur in Kayyur cheemeni grama panchyath | 195.00 | Yes | No | Estimate has re Submitted to Division |
| 44 | Construction of Government Vocational Higher Secondary school Iriyanni in Muliyar grama panchayath | 243.05 | Yes | No | Estimate under preparation |
| 45 | Construction of Government Lower Primary School Chullikkara in Kallar grama panchayath | 24.00 | Yes | Yes | Plastering is going on |
| 46 | Construction of Government Higher Secondary School Balanthode in Panathady grama panchayath | 260.00 | Yes | No | Estimate correction is doing |
| 47 | Improvements to GLPS Mundakai in Muliyar grama panchayath | 16.95 | Yes | Yes | Building finished up to roof levelPart bill Amount paid(Rs:689013/-) |
| 48 | Construction of Building for GHSS Balanthode in Panathady grama panchayath | 29.00 | Yes | Yes | Work completed,Bill under preparation |
| 49 | Construction of Classroom Builiding for GBUPS Perdala in Badiadka grama panchayath | 31.00 | Yes | Yes | Final bill submitted to Sub collector |
| 50 | Improvements to GHSS Chamundikkunnu in Panathady grama panchayath | 12.00 | Yes | Yes | Final Bill pending in Sub Division, Revised Estimate has to be prepared |
| 51 | Construction of Noon meal kitchen GUPS Pullur Iriye in Pullur periya grama panchayath | 12.20 | Yes | Yes | Final bill Amount paid(Rs:1557406/-) |
| 52 | Construction of Building for GUPS Ayampara in Pullur periya grama panchayath | 12.00 | Yes | Yes | Final bill Amount paid(Rs:1518868/-) |
| 53 | Construction of Building for GHSS Ravaneswar in Ajanur grama panchayath | 12.00 | Yes | Yes | finishing work,Part bill Amount paid(Rs:1046812/-) |
| 54 | Construction of Building for GMLPS Ajanur in Ajanur grama panchayath | 12.00 | Yes | Yes | Tendered- Railway NOC required,sercice charge remitted to Railway |
| 55 | Construction of Building for SRMGHSS Ramnagar in Ajanur grama panchayath | 30.00 | Yes | Yes | Work started |
| 56 | Construction of Building for GHSS Panathur in Panathady grama panchayath | 20.60 | Yes | Yes | Final bill Amount paid(Rs:2703541/-) |

| | | | | | |
|---|---|---|---|---|---|
| 57 | Construction of Government Upper Primary School Puthiyakandam in Ajanur grama panchayath | 18.00 | Yes | Yes | Finishing work in progress |
| 58 | Construction of AEO's Office Building at Cheruvathur in Cheruvathur grama panchayath | 29.50 | Yes | Yes | Tendered on 31-12-13 and to be approved from HPC |
| 59 | Construction of Government Lower Primary School Periya in Pullur periya grama panchayath | 18.00 | Yes | Yes | Work completed,Part bill Amount paid(Rs:2061964/-), |
| 60 | Construction of Government Higher Secondary School Cheemeni in Kayyur Cheemeni grama panchayath | 30.00 | Yes | Yes | First Floor column completed |
| 61 | Constructino of Building for GUPS Kooliyad in Kayyur Cheemeni grama panchayath | 30.00 | Yes | Yes | painting work in progress |
| 62 | Construction of Building GUPS Nalilamkandam in Kayyur cheemeni grama panchayath | 13.00 | Yes | Yes | painting work in progress |
| 63 | Construction of Building for GLPS Nattanige in Bellur grama panchayath | 20.05 | Yes | Yes | Final bill Amount paid(Rs:2595413/-) |
| 64 | Construction of Classroom Building for GJBS Kumbadaje in Kumbadaje grama panchayath | 13.60 | Yes | Yes | Final bill submitted to Sub collector |
| 65 | Construction of Building for GHSS Natekkal in Bellur grama panchayath | 431.15 | Yes | No | Structural design received from LBS, Estimate under preparation. |
| 66 | Construction of School & Library for GUPS, Velaswaram, Chithari in Ajanur Grama Panchayath | 30.00 | Yes | Yes | ground floor slab completed |
| 67 | Construction of BUDS School Building, Badiadka | 145.00 | Yes | No | Correction has been done and estimate . submitted to division |
| | ALOPATHY - PROJECTS | | | | |
| 1 | Construction of Primary Health Centre Kinnigar in Bellur grama panchayath | 120.00 | Yes | No | Esimate under scrutiny in SubDivision Karadka |
| 2 | Construction of new building for PHC Mulleriya in Karadka grama panchayath | 63.00 | Yes | Yes | work completed,Part bill Amount paid(Rs:4401983/-) |
| 3 | Construction of Hospital Building for Primary Health centre Anandasramam in Ajanur grama panchayath | 64.50 | Yes | Yes | Lintel level completed |
| 4 | Extension of CHC Badiadka in Badiadka grama panchayath | 77.00 | Yes | Yes | Annex building-Roof Slab level completed,Quarters-Superstructure level |
| 5 | Construction of Family Welfare Centre Athinjal in Ajanur grama panchayath | 16.00 | Yes | No | Dropped |
| 6 | Construction of building for Palliative Care Society Karinthalam in Kinanur Karinthalam grama panchyath | 125.88 | Yes | No | Correction has been done and estimate submitted to division |
| 7 | Construction of Hospital Building for CHC Periya in Pullur periya grama panchayath | 102.00 | Yes | No | plastering in progress |
| 8 | Construction of Primary Health Centre Kumbadaje in Kumbadaje grama panchayath | 101.10 | Yes | Yes | Tendered- Waiting for approval from HPC |

| | | | | | |
|---|---|---|---|---|---|
| 9 | Construction of Primary Health Centre Kayyur in Kayyur Cheemeni grama panchayath | 97.00 | Yes | Yes | Tendered- Waiting for approval from HPC |
| 10 | Construction of Family Welfare Sub-Centre Malligamadu in Ajanur grama panchayath | 16.00 | Yes | No | Dropped |
| 11 | Construction of Family Welfare Centre Muliyar in Muliyar grama panchayath | 15.00 | Yes | Yes | Roof level completed |
| 12 | Construction of Quarters at Primary Health CentreKumbadaje in Kumbadaje grama panchayath | 15.00 | Yes | Yes | Painting work is going on |
| 13 | Construction of Rehabilitation Centre Enmakaje in Enmakaje grama panchayath | 200.00 | Yes | No | Estimate under preparation |
| 14 | Construction of CHC and 3 Staff Quarters Muliyar in Muliyar grama panchayath | 210.00 | Yes | No | Estimate under preparation |
| 15 | Construction of Meeting Hall cum Classroom at PHC Ajanur in Ajanur grama panchayath | 29.00 | Yes | Yes | Column work started |
| 16 | Construction of Building to Nileshwar Taluk Hospital in Nileshwar Municipality | 213.00 | Yes | No | plan changed, structural design has to be done again |
| 17 | Construction of Family Welfare Centre Agalpady in Bellur grama panchayath | 16.60 | Yes | No | Tendered- Waiting for approval from HPC |
| 18 | Construction of Family Welfare Centre Belinje in Kumbadaje grama panchayath | 16.60 | Yes | No | Estimate under preparation |
| 19 | Construction of Family Welfare Centre Malakkallu in Kallar grama panchayath | 16.00 | Yes | Yes | plastering work in progress |
| 20 | Construction of Family Welfare Centre Gadigudde in Kumbadaje grama panchayath | 16.60 | Yes | Yes | agreement executed |
| 21 | Construction of Family Welfare Centre Panathur in Panathady grama panchyath | 16.00 | Yes | Yes | Work completed ,Final Bill Amount paid(Rs:1639529/-) |
| 22 | Construction of new IP Block building Kanhanagad in Kanhangad Municipality | 500.00 | Yes | No | Project submitted to LBS Tvm. For Structural scrutiny |
| 23 | Construction of Hospital Complex Poodumkallu in Kallar grama panchayath | 485.00 | Yes | No | Estimate under preparation |
| 24 | Construction of Family Welfare Centre Kajampady in Enmakaje grama panchayath | 20.00 | Yes | Yes | Super structure under progress |
| 25 | Construction of Government Taluk Hospital Trikaripur | 181.00 | Yes | No | TS has been obtained and tender has to be done |
| 26 | Construction of CHC Building Cheruvathur in Cheruvathur grama panchayath | 181.00 | Yes | No | Building permit is required for TS,but Panchayath not yet issued building permit |
| 27 | Construction of IP Block Panathur | 325.00 | Yes | No | Estimate under preparation |
| 28 | Construction of Family Welfare Centre Vottayadukka in Enmakaje grama panchayath | 20.00 | Yes | Yes | Roof slab completed |
| 29 | Construction of Staff Quarters for PHC, Mulleria, Karadka | 15.00 | Yes | Yes | Finished up to basement level |
| 30 | Construction of Sub-Centre for PHC at Mulleria, Karadka | 15.00 | Yes | Yes | Completed up to lintel level |
| 31 | Construction of IP Building at Government Hospital Kasaragod | 840.00 | Yes | No | Project submitted to LBS Tvm. For Structural scrutiny |

| | | | | | |
|---|---|---|---|---|---|
| 32 | Construction of sub-Centre for PHC Mulleria at Minchipadav, Karadka GP | 15.00 | Yes | No | Estimate under preparation |
| 33 | Comprehensive Development of CHC, Bedadka | 278.40 | Yes | No | Estimate under preparation |
| | **AYURVEDAM PROJECTS** | | | | |
| 1 | Construction of sub centre for Ayurveda Dispensary Adhoor in Karadka grama panchayath | 15.00 | Yes | Yes | Plastering work is going on |
| 2 | Construction of Ayurvedic Dispensary Badiadka in Badiadka grama panchayath | 16.50 | Yes | Yes | plastering completed,Partl Bill paid(Rs:782966/-) |
| 3 | Construction of Ayurvedic Hospital Cheemeni in Kayyur Cheemeni grama panchayath | 80.00 | Yes | Yes | Plastering work in progress,Part Bill Amount paid(Rs:5056773/-) |
| 4 | Modernisation of Building for Ayurvedic Dispensary Perla in Enmakaje grama panchayath | 3.00 | Yes | Yes | Finishing work in progress |
| 5 | Construction of Building for Ayurvedic Dispensary Ambalathara in Pullur Periye grama panchayath | 18.50 | Yes | Yes | work completed bill preparing |
| 6 | Construction of Building for Ayurvedic Dispensary Nattekkal in Bellur GP | 29.60 | Yes | Yes | Final bill Amount paid(Rs:3007262/-) (New Allotment required) |
| 7 | Construction of Building for Ayurvedic Dispensary Haripuram in Pullur Periye grama panchayath | 19.50 | Yes | Yes | Finishing work in progress |
| | **HOMEO PROJECTS** | | | | |
| 1 | Construction of Building for Homeo Dispensary Perla in Enmakaje grama panchayath | 12.70 | Yes | No | Esimate under scrutiny in Division |
| 2 | Construction of Building for Homeo Dispensary Villarampathy in Pullur periye grama panchayath | 19.00 | Yes | Yes | work completed bill preparing |
| 3 | Construction of Building for Homeo Dispensary Pallapady in Bellur grama panchayath | 19.00 | Yes | No | As per AE's report,the land proposed by the grama panchayath president, is not sufficient. |
| 4 | Construction of Homeo Dispensary Building Gadigudde in Kumbadaje grama panchayath | 19.00 | Yes | No | Estimate under preparation |

# KWA PROJECTS-STATUS REPORT

| SL NO | NAME OF PROJECT | ESTIMATE | No of stages of project | PRESENT STATUS | NAME OF PANCHAYAT |
|---|---|---|---|---|---|
| 1 | Water Supply Scheme to Erupakkata | 18.00 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | BADIADKKA |
| 2 | Water Supply Scheme to Karamoola | 20.00 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | BADIADKKA |
| 3 | Water supply Scheme to Pallathadka | 23.65 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | BADIADKKA |
| 4 | Water supply Scheme to Vidyagiri(Panachikal) | 19.00 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | BADIADKKA |
| 5 | Water supply Scheme to Muglikana | 36.30 | 1.Open well,tank & pipelines 2.pump sets. | Land obtained for source and tank. Work in progress. | ENMAKAJE |
| 6 | Water supply Scheme to Kattukukke | 20.75 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | ENMAKAJE |
| 7 | Water Supply Scheme to Kundala | 24.00 | 1.BW 2.Tank & pipe lines 3.Pump sets | Completed except pump set,for which work order is issued. | KARADKKA |
| 8 | Water Supply Scheme to Kukumkai | 38.80 | 1.Open well,tank & pipelines 2.pum sets. | work in progress | KARADKKA |
| 9 | Water Supply Scheme to Ambikanagar | 22.00 | 1.BW 2.Tank & pipe lines 3.Pump sets | Civil work completed, pumpset work order issued | KARADKKA |
| 10 | Water Supply Scheme to Manhampara | 20.00 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | KARADKKA |


| | | | | | |
|---|---|---|---|---|---|
| 11 | Water Supply Scheme to Minchipadavu | 28.20 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | KARADKKA |
| 12 | Water Supply Scheme to Kottanamoola Jayanagar | 22.00 | 1.BW 2.Tank & pipe lines 3.Pump sets | completed except power connection. | KARADKKA |
| 13 | Water Supply Scheme to Kallamgudlu | 23.50 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled and sufficient yield obtained. Other components work in progres Pumpset tendered on 06/06/14 | KARADKKA |
| 14 | Water Supply Scheme to Kayyur | 30.00 | 1.slow sand filter,OH tank and pipelines. 2.Pump set | work in progress. | KAYYUR CHEEMENI |
| 15 | Water Supply Scheme to Gadigudde | 19.00 | 1.BW 2.Tank & pipe lines 3.Pump sets | NOC for land issued bore well drilled other work tendered | KUMBADAJE |
| 16 | Water Supply Scheme to Pavooradka | 19.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled. Sufficient yield not obtained andhence only hand pump can be installed and water suppky to be effected through hand pump. | KUMBADAJE |
| 17 | Water Supply Scheme to Puthrakkala | 17.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled other components tendered on 06/06/2014 | KUMBADAJE |
| 18 | Water Supply Scheme to CH Nagar | 19.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled. Sufficient yield not obtained andhence only hand pump can be installed and water suppky to be effected through hand pump.land NOC issued | KUMBADAJE |
| 19 | Water Supply Scheme to Kumbadaje | 14.90 | 1.BW 2.Tank & pipe lines 3.Pump sets | Borewell drilled . other components(tank & pipelines) work in press.,pumpset work order issued. | KUMBADAJE |
| 20 | Water Supply Scheme to Karvalathdka | 19.50 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled. Sufficient yield not obtained andhence only hand pump can be installed and water suppky to be effected through hand pump. Land NOC issued | KUMBADAJE |
| 21 | Water Supply Scheme to Kattipallam | 14.00 | 1.BW 2.Tank & pipe lines 3.Pump sets | Work order issued for tank and pipe lines. | MULIYAR |

| | | | | | |
|---|---|---|---|---|---|
| 22 | Water Supply Scheme to Pullur | 15.40 | 1.BW 2.Tank & pipe lines 3.Pump sets | Civil work complted,pumpset work order issued. | PULLUR PERIYA |
| 23 | Water Supply Scheme to Kizhakkekara Chedikkallu SC Colony | 15.20 | 1.BW 2.Tank & pipe lines 3.Pump sets | work completed. Electrical power connection to be obtained. | MULIYAR |
| 24 | Water Supply Scheme to Kaduppamkuzhy | 73.70 | 1.BW 2.open well,tank & pipelines 3.pump sets. | Work to be tendered. Borewell cost remitted to GWD | BADIADKKA |
| 25 | Water Supply Scheme to Belinje and Korakkad | 26.10 | 1.BW 2.Tank & pipe lines 3.Pump sets | Land obtained. Bore well cost remitted | KUMBADAJE |
| 26 | Water Supply Scheme to Thappekallu and Mannappu | 26.00 | 1.BW 2.Tank & pipe lines 3.Pump sets | Land for source and resevoir obtained . Other components tender approved. EE requested for fund to remit to GWD on 6/14 for drilling bore well. Processing | KUMBADAJE |
| 27 | Water Supply Scheme to Yethadukka | 34.60 | 1open well Tank & pipe lines 2.Pump sets | Land obtained for source and reservoir . Work retendered | KUMBADAJE |
| 28 | Water Supply Scheme to Maniyoor | 38.30 | 1.Open well,tank & pipeline 2.pump sets. | Land obtained for source and reservoir . Work retendered | KUMBADAJE |
| 29 | Water Supply Scheme to Various places of Muliyar Pt phase II | 93.00 | | work to be arranged. This project will start with the balance distribution pipe lines of project wss to various places of Muliyar Panchayat ie est. amt 204.26 lakhs project | MULIYAR |
| 30 | Water Supply Scheme to Ayampara Kaliyadukkam | 9.35 | 1.BW 2.Tank & pipe lines 3.Pump sets | Land available . Borewell drilled. But sufficient yield not obtained.Proposal for utilising the existing BW at nearby anganwadi is tried. Yield test is to be conducted . Required amount allowed to the EE | PULLUR PERIYA |
| 31 | Water SupplyScheme to Various place of Muliyar Pt. | 204.26 | 1. Intake well,slow sand filter,Laying pipelines,over head tank,and pump sets. | Land available with KWA .SE, KWA,Kannur given direction to implement the project as distribution for Muliyar Pt area in the comprehensive WSS for Chengala ,Muiyar,madhur and Mogral puthur Pts. | MULIYAR |


| | | | | | |
|---|---|---|---|---|---|
| 32 | Water supply Scheme to Maniyampara(Sheni) | 22.70 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled and dry. Resurvey conducted by GWD and reported that the area is not feasible for drilling bore well for pumping purpose. Now the President of the Grama Panchayat requested to use the bore well in the area belongs to Panchayat land for the purpose . Processing | ENMAKAJE |
| 33 | Water Supply Scheme to Marppanadaka | 31.00 | 1.BW 2.Tank & pipe lines 3.Pump sets | EE reported to drop the project because borewell dry. On june 6-2014 EE requested to drill another borewell through GWD and requested for fund. Processing | KUMBADAJE |
| 34 | NAME OF PROJECT | ESTIMATE | No of stages of project | PRESENT STATUS | NAME OF PANCHAYAT |
| 35 | Water Supply Scheme to Kundar - Hunsadka Athithamoola | 24.00 | 1.BW 2.Tank & pipe lines, 3.Pump sets | Bore well drilled but was dry, resurvey conducted by GWD and reported that the area is technically not feasible for drilling bore well. Hence the scheme is to be dropped. | KARADKKA |
| 36 | Water Supply Scheme to Periyadukka - Mulleriya | 21.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled and dry. Resurvey conducted by GWD and reported that the area is not feasible for drilling bore well for pumping purpose. Hence the scheme is to be dropped. | KARADKKA |
| 37 | Water Supply Scheme to Nechipadavu | 25.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled and dry. Resurvey conducted by GWD and reported that the area is not feasible for drilling bore well for pumping purpose. Hence the scheme is to be dropped. | KARADKKA |
| 38 | Water Supply Scheme to Kottamkuzhy | 20.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled but was dry, resurvey conducted by GWD and reported that the area is technically not feasible for drilling bore well. Hence the scheme is to be dropped. | KARADKKA |
| 39 | Water Supply Scheme to Berlam | 24.50 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled and dry. Resurvey conducted by GWD and reported that the area is not feasible for drilling bore well for pumping purpose. Hence the scheme is to be dropped. | KARADKKA |
| 40 | Water supply Scheme to Kandige | 28.30 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled but was dry, resurvey conducted by GWD and reported that the area is technically not feasible for drilling bore well. Hence the scheme is to be dropped. | ENMAKAJE |
| 41 | Water Supply Scheme to Iriyanni Laksham veedu Colony | 11.00 | 1.BW 2.Tank & pipe lines 3.Pump sets | Land obtained for source and tank. Borewell drilled. But sufficient yiled not obtained. Scheme to be dropped | MULIYAR |

| | | | | | |
|---|---|---|---|---|---|
| 42 | Water Supply scheme to Kanathur Kottarakkara | 12.00 | | Scheme not feasible as per GWD survey Hence dropped | MULIYAR |
| 43 | Water Supply Scheme to Chiplikkya | 13.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled and dry. Resurvey conducted by GWD and reported that the area is not feasible for drilling bore well for pumping purpose. Hence the scheme is to be dropped. | MULIYAR |
| 44 | Water Supply Scheme to Pullur | 55.00 | | Jalanidhi phase - II Panchayath. Hence work not required. | PULLUR PERIYA |
| 45 | Water Supply Scheme to Pullur | 59.45 | | Jalanidhi phase - II Panchayath. Hence work not required. | PULLUR PERIYA |
| 46 | Water supply scheme to Peradka | 16.70 | 1.BW 2.Tank & pipe lines 3.Pump sets | GWD reported that the area is not feasible for yieding BW hence the scheme is to be dropped. | KARADKKA |
| 47 | Water Supply Scheme to Beerangole | 20.00 | 1.BW 2.Tank & pipe lines 3.Pump sets | Bore well drilled but was dry, resurvey conducted by GWD and reported that the area is technically not feasible for drilling bore well. Hence the scheme is to be dropped. | KARADKKA |
| 48 | Water Supply Scheme to GVHSS Karadkka | 19.50 | 1.BW 2.Tank & pipe lines 3.Pump sets | Work order issued for borewell. As the Panchayath has not provided the land, borewell could not be drilled. | KARADKKA |
| 49 | Water Supply Scheme to Majakkar SC Colony | 9.70 | 1.BW 2.Tank & pipe lines 3.Pump sets | Land obtained . Work order issued for borewell. Due to land objection borewell could not be drilled. Alternate site to be provided. | MULIYAR |
| 50 | Water Supply Scheme to Cheeramkode | 10.00 | 1.BW 2.Tank & pipe lines 3.Pump sets | Land obtained . Work order issued for borewell. Site not accessible to drilling rig. Bore well cost remitted to GWD. | MULIYAR |
| 51 | Water Supply Scheme to Karmamthody (Moodamkulam) in Karadukka Panchayat | 15.00 | 1.BW 2.Tank & pipe lines 3.Pump sets | CASE PENDING IN MUNSIF COURT RELATING TO THE LAND | KARADKKA |

40



# അതിജീവനത്തിന്റെ പാതയിലൂടെ....



ANNEX I

കേരള സർക്കാർ



എൻഡോസൾഫാൻ
ദുരിതബാധിതർക്കായുള്ള

# പുനരധിവാസ പദ്ധതികൾ

# എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പുനരധിവാസ പദ്ധതികൾ

തേജസ്വിനി

പ്രസിദ്ധീകരണം:

സ്പെഷ്യൽ സെൽ ഫോർ റീഹാബിലിറ്റേഷൻ
ഓഫ് എൻഡോസൾഫാൻ വിക്ടിംസ്
കളക്ടറേറ്റ്, കാസർകോട്

തലങ്ങളിൽ നടക്കുന്ന ആശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ ശക്തമായി പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമായി കാസർകോട് ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2006-2007ൽ പ്രത്യേക സെല്ലിന് രൂപം നൽകി.

കാസർകോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിൽ സ്ഥലം എംപി, എംഎൽഎമാർ, ദുരിത ബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളായിരുന്നു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആശ്വാസ പ്രവർത്തനങ്ങൾക്ക് സർക്കാർ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ലിന്റെ സ്ഥാനത്ത് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി ചെയർമാനും ജില്ലാകളക്ടർ കൺവീനറും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സന്നദ്ധ സംഘടനാ പ്രവർത്തകരും ഉദ്യോഗസ്ഥരും അംഗങ്ങളുമായി ഒരു ജില്ലാതല സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടന്നുവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പുനഃസംഘടിപ്പിക്കപ്പെട്ട ജില്ലാതല സെൽ പ്രതിമാസം യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു.

ജില്ലയിലെ വിവിധ പ്രദേശങ്ങളിലായുള്ള എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള ഒരു ചിട്ടയായ പ്രവർത്തനം 2010ലാണ് ആരംഭിച്ചത്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ, ഫീൽഡ് സർവ്വേകൾ എന്നിവ സംഘടിപ്പിച്ചതിലൂടെ 4182 രോഗികളുടെ പട്ടിക 2010-11 വർഷത്തിൽ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവർക്ക് സൗജന്യ ചികിത്സ ഉൾപ്പെടെയുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നു. അതിനുശേഷം 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിലായി വീണ്ടും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഈ ക്യാമ്പുകളിലൂടെ കണ്ടെത്തിയ അർഹരായ ദുരിതബാധിതർക്കും പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ ആരംഭിച്ചിട്ടുണ്ട്.


## ദുരിതബാധിതരെ കണ്ടെത്തുന്ന രീതി

3 ഘട്ടങ്ങളിലായുള്ള പരിശോധന സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

ഘട്ടം-1 എൻഡോസൾഫാൻ ദുരിതബാധിതൻ/ബാധിതയാണെന്ന് സ്വയം സംശയിക്കപ്പെടുന്ന ആർക്കും തന്നെ പ്രാഥമിക പരിശോധനയ്ക്കായി അടുത്തുള്ള പി.എച്ച്.സി./സി.എച്ച്.സി. മെഡിക്കൽ ഓഫീസറെ സമീപിക്കാവുന്നതാണ്. പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ രോഗിയെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ മെഡിക്കൽ ഓഫീസർ തയ്യാറാക്കുകയും അത് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അയച്ചു കൊടുക്കുകയും ചെയ്യുന്നു.

ഘട്ടം-2 ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം ജില്ലാതലത്തിൽ ലഭ്യമായ റിപ്പോർട്ടുകളിൻമേൽ സൂക്ഷ്മ പരിശോധന നടത്തുകയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ട അർഹരായവരുടെ പട്ടിക സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. (11 സ്പെഷ്യാലിറ്റികൾ)

ഘട്ടം-3 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ലിപ്പുകൾ രോഗികൾക്ക് മുൻകൂട്ടി വിതരണം ചെയ്യുകയും അത് പ്രകാരം ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരാണ് ക്യാമ്പുകളിൽ വച്ച് രോഗികളെ പരിശോധിക്കുന്നത്. മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള പരിശോധന റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡ് തല അന്വേഷണ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്.




1

# ആരോഗ്യ മേഖല

## 1 തേജസ്വിനി

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായി 5000ത്തോളം രോഗികളെ ഇതിനകം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവർക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നു. (പട്ടികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ ആളുകളെ കണ്ടെത്തുന്നതിനായി 2013 ആഗസ്റ്റ് മാസത്തിൽ വിപുലമായ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുണ്ടായി. 6000ത്തോളം രോഗികളെ പ്രസ്തുത ക്യാമ്പുകളിൽ പരിശോധനയ്ക്കു വിധേയരാക്കി.)

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനായി 2012-13ൽ എൻ.ആർ.എച്ച്.എം. പദ്ധതിയിൽ 5.6 കോടി രൂപ വകയിരുത്തി തേജസ്വിനി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. തുടർന്ന് 2013-14 വർഷത്തിൽ 2.7 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.



## എ) മൊബൈൽ മെഡിക്കൽ ടീം

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ ടീമുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഒന്നായ മേജർ മൊബൈൽ മെഡിക്കൽ ടീമിലൂടെ അലോപ്പതി, ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങളിലെ ഡോക്ടർമാർ സ്പീച്ച് തെറാപ്പിസ്റ്റ്, മാനസിക വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ എഡ്യുക്കേറ്റർ തുടങ്ങിയവരുടെ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നു. മൊബൈൽ ടീമുകൾ മുൻനിശ്ചയിക്കപ്പെട്ട തീയ്യതികളിൽ ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി./സി.എച്ച്.സി.കളിലും കിടപ്പിലായ രോഗികളുടെ വീടുക



ളിലുമെത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. രോഗികൾക്കായി നിർദ്ദേശിക്കപ്പെടുന്ന മരുന്നുകളിൽ, ആശുപത്രികളിൽ നിലവിൽ ലഭ്യമല്ലാത്തവ പുറത്തു നിന്നു വാങ്ങി സൗജന്യമായി വിതരണം ചെയ്യുന്നു.

## ബി) ഭവന കേന്ദ്രീകൃത സാന്ത്വന ചികിത്സ

കിടപ്പിലായ രോഗികൾക്ക് അവരുടെ വീടുകളിലെത്തി സാന്ത്വന ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി./സി.എച്ച്.സി.കളിലായി 34 സ്റ്റാഫ്നഴ്സുമാരെ നിയമിച്ചി



ട്ടുണ്ട്. പ്രസ്തുത സേവനത്തിന് പുറമെ, വിദഗ്ദ ചികിത്സ ആവശ്യമുള്ള രോഗികളെ അതിനായുള്ള ആശുപത്രിയിലെത്തിക്കുന്ന ചുമതലകൂടി സ്റ്റാഫ് നഴ്സുമാരുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിച്ചു വരുന്നു. ഇക്കാര്യത്തിനായി 11 ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാഹനം കൂടി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

## സി) വിദഗ്ദ്ധ ചികിത്സ

വിദഗ്ദ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ആയത് സൗജന്യമായി ലഭ്യമാക്കുന്നതിനു വേണ്ടി കേരളത്തിലും അയൽസംസ്ഥാനമായ കർണ്ണാടകത്തിലുമായി 16 ആശുപത്രികൾ എംപാനൽ ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. സ്മാർട് കാർഡ് സംവിധാനം കൂടി ഇതിനായി ഏർപ്പാട് ചെയ്തിട്ടുണ്ട്. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ഏതിലും രോഗികൾക്ക് അവരുടെ ആവശ്യം അനുസരിച്ച് സൗജന്യ ചികിത്സ തേടാവുന്നതാണ്. ചികിത്സാ ചെലവിനത്തിൽ 2,50 ലക്ഷം രൂപ വിവിധ ആശുപത്രികൾക്കായി ഇതിനകം നൽകിയിട്ടുണ്ട്.






## സൗജന്യ ചികിത്സക്കായി എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ

1. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം
2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3. ഐക്കോൺസ് ഷൊർണ്ണൂർ
4. ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി
5. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി
6. ഡിസ്ട്രിക്റ്റ് ഹോസ്പിറ്റൽ, കണ്ണൂർ ജില്ല
7. ഡബ്ല്യൂ & സി ഹോസ്പിറ്റൽ, മാങ്ങാട്ടുപറമ്പ്
8. പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ
9. കോഴിക്കോട് മെഡിക്കൽ കോളേജ്
10. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
11. ജനറൽ ആശുപത്രി, കാസറഗോഡ്
12. യേനപ്പോയ മെഡിക്കൽ കോളേജ്, മംഗലാപുരം
13. കസ്തൂർബാ മെഡിക്കൽ കോളേജ്, മംഗലാപുരം
14. കസ്തൂർബാ മെഡിക്കൽ കോളേജ്, മണിപ്പാൽ
15. ആയ്യുർവ്വേദ കോളേജ് പരിയാരം
16. ഹോമിയോ മെഡിക്കൽ കോളേജ്, കോഴിക്കോട്
17. ലിറ്റിൽ ഫ്ളവർ കണ്ണാശുപത്രി, അങ്കമാലി



## ഡി) ഫിസിയോ തെറാപ്പി സേവനം

കാസറഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലായി സുസജ്ജമായ ഫിസിയോ തെറാപ്പി യുണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിനു പുറമെ രോഗികൾക്ക് തുടർസേവനം ലഭ്യമാക്കുന്നതിനുവേണ്ടി 13 ഫിസിയോതെറാപ്പിസ്റ്റ്മാരെ ജില്ലയിലെ വിവിധ പി.എച്ച്.സി./സി.എച്ച്.സി.കളിലായി നിയമിച്ചിട്ടുണ്ട്. ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജീകരിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.



## ഇ) ചികിത്സയ്ക്കായി രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിനുള്ള സംവിധാനം

11 ഗ്രാമപഞ്ചായത്തുകളിലായി അനുവദിച്ചിട്ടുള്ള വാഹനങ്ങൾക്ക് പുറമെ രോഗികളെ ചികിത്സക്കായി ആശുപത്രികളിലെത്തിക്കുന്നതിനുള്ള യാത്രാചിലവ് വഹിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## എഫ്) മാനസിക-ശാരീരിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ

ദുരിതബാധിതരിൽ വൈകല്യമനുഭവിക്കുന്ന ആളുകൾക്ക് ആവശ്യമായ ദൃശ്യ-ശ്രവ്യ-ചലന-പരിശീലന ഉപകരണങ്ങൾ ആവശ്യമനുസരിച്ച് ലഭ്യമാക്കുന്നു. ഇക്കാര്യത്തിനായി നിലവിൽ എൻ.പി.ആർ.പി.ഡി പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു.






## ജി) ആംബുലൻസ് സൗകര്യം

രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിനായി ജില്ലയിൽ 3 ആംബുലൻസുകൾ കൂടി കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പനത്തടി, പെരിയ, ബദിയടുക്ക എന്നീ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ചാണ് ആംബുലൻസ് സൗകര്യം ഏർപ്പാട് ചെയ്തിട്ടുള്ളത്.

## എച്ച്) സൂപ്പർ സ്പെഷ്യാലിറ്റി സേവനം

എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ന്യൂറോളജി, നെഫ്രോളജി എന്നീ വിഭാഗങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി ഡയാലിസിസ് സൗകര്യം ഒരുക്കുന്നുതിനായി ഹെൽത്ത് പാക്കേജിൽ



ഉൾപ്പെടുത്തി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെ ആരംഭിക്കുന്നതിന് ഉള്ള നടപടികൾ ഇതിനകം പൂർത്തിയായി. സെന്ററിന്റെ ഉദ്ഘാടനം 2013 നവംബർ 30ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അവറുകൾ നിർവ്വഹിക്കുന്നതാണ്.

ന്യൂറോളജി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ സി.ടി. സ്കാൻ സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ന്യൂറോളജി, നെഫ്രോളജി എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ നിലവിൽ ഇല്ലാത്തതിനാൽ ഒരു ദിവസത്തേക്ക് 8000 രൂപ വീതം റെമ്യൂണറേഷൻ കൊടുക്കാനായി തുക വകയിരുത്തിക്കൊണ്ട് മംഗലാപുരത്ത് നിന്നും ഡോക്ടർമാരെ ലഭ്യമാക്കാനായി എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. അപ്രകാരം ഡോക്ടർമാരെ കണ്ടെത്താനായി ശ്രമങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും അക്കാര്യത്തിൽ ഇതുവരെ ഫലം കാണാത്തതിനെ തുടർന്ന് മംഗലാപുരത്തുള്ള സ്വകാര്യ ആശുപത്രിയിൽ നിന്ന് മേൽപറഞ്ഞ വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു.

## ഐ) ആരോഗ്യ സേവന സംവിധാനം ശക്തിപ്പെടുത്തൽ

### i) മനുഷ്യ വിഭവശേഷി

ദുരിതബാധിതർക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി ജില്ലയിലെ 11 പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള തസ്തികകൾക്ക് പുറമെ അധികമായി ജീവനക്കാരെ താൽകാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സ്റ്റാഫ് നേഴ്സ്, ഫിസിയോതെറാപിസ്റ്റ് എന്നിവയ്ക്ക് പുറമെ 31 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെയും 70 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരെയും വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി അധികമായി നിയമിച്ചിട്ടുണ്ട്.

### ii) ആശുപത്രി ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും

ആശുപത്രികളിൽ നിന്നും രോഗികൾക്ക് നല്കുന്ന സേവനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ ആശുപത്രികളിൽ ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും പദ്ധതിയുടെ ഭാഗമായി ഏർപ്പാട് ചെയ്തിട്ടുണ്ട്.

### iii) ഇന്റൻസീവ് കെയർ യൂണിറ്റ്

എൻഡോസൾഫാൻ പുനരധിവാസ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സുസജ്ജമായ പീഡിയാട്രിക് ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. 35 ലക്ഷം രൂപയ്ക്കുള്ള ഉപകരണങ്ങൾ KMSCL ലൂടെ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.



# 2 സാമൂഹ്യ സുരക്ഷാ പദ്ധതികൾ

## എ) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക സഹായം

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ആയതിന്റെ ഭാഗമായി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ടവർക്ക് ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

- പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ വീതം
- ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ വീതം
- മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ വീതം
- മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം



കൂടാതെ കാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വീതം അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ധനസഹായത്തിൽ 5 ലക്ഷം രൂപ അനുവദിച്ചവർക്ക് 1.5 ലക്ഷം രൂപയും 3 ലക്ഷം അനുവദിച്ചവർക്ക് 1 ലക്ഷം രൂപയും ആദ്യഗഡുവായി ഇതിനകം നൽകിയിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് അനുവദിച്ച പ്രത്യേക ധനസഹായം – വിശദവിവരങ്ങൾ**

| കാറ്റഗറി | എണ്ണം | അനുവദിച്ച തുക | ആകെ തുക |
|---|---|---|---|
| പൂർണ്ണമായും കിടപ്പിലായവർ | 200 | 1,50,000 | 3,00,00,000 |
| ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 915 | 1,50,000 | 13,72,50,000 |
| ശാരീരിക വൈകല്യമുള്ളവർ | 795 | 1,00,000 | 7,95,00,000 |
| കാൻസർ രോഗികൾ | 323 | 1,00,000 | 3,23,00,000 |
| ആകെ | 2233 | | 27,90,50,000 |

**ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായം**

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | ആകെ തുക |
|---|---|---|
| 599 | 1,50,000 | 8,98,50,000 |

## ബി) പ്രതിമാസ പെൻഷൻ

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ 2000 – 1000 രൂപ എന്നിങ്ങനെ പ്രതിമാസ പെൻഷൻ നൽകിവരുന്നുണ്ട്. കിടപ്പിലായവർക്കും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം വേണ്ടവർക്കും 2000 രൂപയും മറ്റുള്ളവർക്ക് 1000 രൂപയുമാണ് പ്രതിമാസ പെൻഷനായി നൽകുന്നത്.

## സി) സൗജന്യ റേഷൻ

എൻഡോസൾഫാൻ ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ബി.പി എൽ. കാർഡ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെയായി 1761 എ.പി.എൽ. കാർഡ് ഉടമകൾക്ക് ബിപിഎൽ കാർഡ് അനുവദിച്ചു നൽകിയിട്ടുണ്ട്.






## ഡി) വിദ്യാഭ്യാസ സ്കോളർഷിപ്പ്

i) എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം താഴെ പ്രതിപാദിച്ച പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്.

| | |
|---|---|
| പ്രൈമറി | – 2000 രൂപ |
| ഹൈസ്കൂൾ | – 3000 രൂപ |
| ഹയർ സെക്കണ്ടറി | – 4000 രൂപ |

ii) കാനറാ ബാങ്കിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലസ്ടുവിനു മുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ഇ) ബഡ്സ് സ്കൂൾ (സ്പെഷ്യൽ സ്കൂൾ)

മാനസിക വൈകല്യമുള്ള ദുരിതബാധിതർക്കുവേണ്ടി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നിലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

ബഡ്സ് (സ്പെഷ്യൽ) സ്കൂളുൾക്ക് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിലെ എൻഡോസൾഫാൻ മേഖലയിലെ ബഡ്സ് സ്കൂളുകളിലെ ജീവനക്കാർക്ക് 1500 രൂപ അധിക വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കാസറഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ബഡ്സ് സ്കൂളുകൾ

| ക്രമ നം. | പഞ്ചായത്ത്/മുൻസിപ്പാലിറ്റി | സ്കൂളിന്റെ പേര് |
|---|---|---|
| 1. | മുളിയാർ | തണൽ |
| 2. | കള്ളാർ | ചാച്ചാജി |
| 3. | പുല്ലൂർ പെരിയ | മഹാത്മ |
| 4. | എൻമകജെ | സാന്ത്വനം |
| 5. | കാറഡുക്ക | സ്നേഹ |
| 6. | കയ്യൂർ ചീമേനി | സ്നേഹതീരം |
| 7. | നീലേശ്വരം | പ്രത്യാശ |



## എഫ്) ആശ്വാസകിരൺ

എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് 'ആശ്വാസകിരൺ' പദ്ധതി മുഖേന നൽകി വരുന്ന പ്രതിമാസ പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.



## ജി) ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് അടിയന്തിര ചികിത്സാ സഹായം

നിലവിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരും എന്നാൽ പ്രഥമദൃഷ്ട്യാ ദുരിതബാധിതരെന്ന് കണ്ടെത്തിയവരുമായ രോഗികൾക്ക് എംപാനൽഡ് ആശുപത്രികളിലുൾപ്പെടെ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി കാസർകോട് ജില്ലാകളക്ടർ അദ്ധ്യക്ഷനായി ഒരു പ്രത്യേക കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്.

## എച്ച്) കളക്ടറേറ്റിൽ സ്പെഷ്യൽ സെൽ

എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസറഗോഡ് കളക്ടറേറ്റിൽ സ്പെഷൽ സെല്ലും സെല്ലിൽ ഒരു ഡെപ്യൂട്ടി കളക്ടറുടെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷൽ ഓഫീസറെയും നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

## ഐ) ഭവന പദ്ധതികൾ

i) ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള 'തണൽ' ഭവന പദ്ധ
ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള 'തണൽ' ഭവന പദ്ധതിയുടെ ഭാഗമായി എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് 88 വീടുകൾ നിർമ്മിച്ചു നൽകുവാൻ വിവിധ സമയങ്ങളിലായി തീരുമാനം എടുക്കുകയും 44 വീടുകൾ പൂർണ്ണമായി നിർമ്മിച്ചു നൽകുകയും 22 വീടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മറ്റ് വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

ii) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാനറാ ബാങ്ക്, സുൽത്താൻ ഗോൾഡ് ഇന്റർനാഷണൽ ജ്വല്ലറി എന്നിവരുടെ സഹകരണത്തോടെ എൻഡോസൾഫാൻ ദുരിതബാധിതകർക്ക് 11 വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

# 3


# അടിസ്ഥാന സൗകര്യ വികസനം

ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 200 കോടി രൂപ [illegible] നബാർഡ് - RIDF സഹായത്തോടെ 236 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പത്ത് ദുരിതബാധിത പഞ്ചായത്തുക ളിൽ ബഡ്സ് സ്കൂളുകൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ദുരിത ബാധിത പഞ്ചായത്തുകളിലെ അംഗൻവാടികൾക്കും സ്കൂളുകൾക്കും, ആരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കുടി വെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും പദ്ധതിയിൽ തുക വകയി രുത്തിയിട്ടുണ്ട്.

കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധി തമേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം വിവിധ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നം. | വകുപ്പ് | പദ്ധതികളുടെ എണ്ണം |
|---|---|---|
| 1. | സാമൂഹ്യക്ഷേമ വകുപ്പ് | 66 |
| 2. | വിദ്യാഭ്യാസം | 66 |
| 3. | ആരോഗ്യം (അലോപ്പതി) | 33 |
| 4. | ആരോഗ്യം (ആയുർവേദം) | 7 |
| 5. | ആരോഗ്യം (ഹോമിയോ) | 4 |
| 6. | മൃഗസംരക്ഷണം | 5 |
| 7. | കേരള വാട്ടർ അതോറിറ്റി | 54 |
| | ആകെ | 235 |





- **സാമൂഹ്യക്ഷേമ വകുപ്പ്**
  സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ 11 പഞ്ചായത്തുകളിലായി 65 അംഗൺവാടികളും 1 ക്രഷെയുമാണ് ഉൾപ്പെട്ടിട്ടുള്ളത്.
- **വിദ്യാഭ്യാസ വകുപ്പ്**
  നിലവിലുള്ള സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാ ണവും നവീകരണവും പുതുതായി 10 ബഡ്സ് സ്കൂളുകളുമാണ് പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളത്.
- **ആരോഗ്യം**
  പുതിയ ആരോഗ്യ കേന്ദ്രങ്ങൾ, നിലവിലുള്ള ആരോഗ്യകേന്ദ്ര ങ്ങളുടെ വികസനം, പുതിയ ഐ.പി.ബ്ലോക്കുകൾ തുടങ്ങിയവ.
- **മൃഗസംരക്ഷണം**
  പുതിയ ICDP സബ്സെന്ററുകളും, നിലവിലുള്ള ഡിസ്പെൻസ റികളുടെ വികസനവും.
- **കേരള വാട്ടർ അതോറിറ്റി**
  11 പഞ്ചായത്തുകളിലായി 54 വാട്ടർ സപ്ലൈസ്കീമുകൾ.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമപദ്ധതികൾ ലഭ്യമാകാനുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സേവനങ്ങൾ | സേവനം ലഭിക്കാനുള്ള അർഹത | സേവനം ലഭിക്കാനായി സമീപിക്കേണ്ടത് | സേവനം ലഭ്യമാക്കുന്ന രീതി |
|---|---|---|---|---|
| 1 | സൗജന്യ ചികിത്സ (മൊബൈൽ മെഡിക്കൽ ടീം വഴി) | ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട രോഗികൾ | ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ സി.എച്ച്.സി/പി എച്ച്.സികൾ | മുൻ നിശ്ചയിക്കപ്പെട്ട തീയതികളിൽ മൊബൈൽ മെഡിക്കൽ ടീം പി എച്ച് സി/സി എച്ച് സി കളിൽ സന്ദർശനം നടത്തി രോഗികളെ പരിശോധിച്ച് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. |
| 2 | കിടപ്പിലായ രോഗികൾക്കുള്ള സൗജന്യ ചികിത്സ | ദുരിതബാധിതരിൽ കിടപ്പിലായ രോഗികൾ | പി.എച്ച്.സി/സി.എച്ച്.സി.കളിൽ നിയോഗിക്കപ്പെട്ട സ്റ്റാഫ് നഴ്സ് | മൊബൈൽ മെഡിക്കൽ ടീം കിടപ്പിലായ രോഗികളുടെ വീടുകളിലെത്തി സൗജന്യ ചികിത്സ നൽകുന്നു. |
| 3 | ഭവന കേന്ദ്രീകൃത സാന്ത്വന ചികിത്സ | ദുരിതബാധിതരിൽ കിടപ്പിലായ രോഗികൾ | പി.എച്ച്.സി/സി.എച്ച്.സി കളിൽ നിയോഗിക്കപ്പെട്ട സ്റ്റാഫ് നഴ്സ് | പി.എച്ച്.സി/സി.എച്ച്.സി കളിൽ നിയോഗിക്കപ്പെട്ട സ്റ്റാഫ്,നഴ്സുമാർ, കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് സാന്ത്വന ചികിത്സ നൽകുന്നു. |
| 4 | ഫിസിയോതെറാപ്പി സേവനം | ദുരിതബാധിതരിൽ ഫിസിയോതെറാപ്പി സേവനം ആവശ്യമുള്ളവർ | പി.എച്ച്.സി/സി.എച്ച്.സി കളിൽ നിയോഗിക്കപ്പെട്ട ഫിസിയോതെറാപ്പിസ്റ്റ് | ഫിസിയോതെറാപ്പി ആവശ്യമുള്ള രോഗികൾക്ക് പി. എച്ച്. സി/സി. എച്ച്. സിയിൽവെച്ച് ലഭ്യമാക്കുന്നു. കിടപ്പിലായ രോഗികളുടെ വീടുകളിൽ എത്തി സേവനം ലഭ്യമാക്കുന്നു |
| 5 | വിദഗ്ധ ചികിത്സ | ദുരിതബാധിതരിൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവർ | എംപാനൽസ് ആശുപത്രികൾ 17 എണ്ണം (അനുബന്ധമായി ചേർത്തിരിക്കുന്നു) | ഇതിലേക്കായി എംപാനൽ ചെയ്യപ്പെട്ട 17 ആശുപത്രികളിൽ നിന്നും രോഗികൾക്ക് സൗജന്യ ചികിത്സ തേടാവുന്നതാണ്. |
| 6 | ചികിത്സക്കായി ആശുപത്രികളിലെത്തുന്നതിനുള്ള യാത്രാ സൗകര്യം | ദുരിതബാധിതരിൽ ചികിത്സക്കായി യാത്രാസൗകര്യം ആവശ്യമുള്ളവർ | പി.എച്ച്.സി/സി.എച്ച്.സി കളിൽ നിയോഗിക്കപ്പെട്ട സ്റ്റാഫ് നഴ്സ് | നിലവിൽ പാലിയേറ്റീവ് കെയറിന് അനുവദിക്കപ്പെട്ട വാഹനം ലഭ്യമാണെങ്കിൽ ഉപയോഗിക്കുന്നു. അത് ലഭ്യമല്ലെങ്കിൽ മറ്റ് വാഹനങ്ങൾ ഏർപ്പാട് ചെയ്യുന്നു. മറ്റ് വാഹനങ്ങളിൽ യാത്ര ചെയ്യേണ്ടി വരുന്നവർക്ക് യാത്ര കൂലി ഇനത്തിൽ ഉള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നും റിഇംബേഴ്സ് ചെയ്ത് നൽകു ന്നു. |
| 7 | ശാരീരിക, മാനസിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കൽ | ശരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ ഉപകരണങ്ങൾ ആവശ്യമുള്ള ആളുകൾ | NPRPD കാസറഗോഡ് ജില്ലാ പഞ്ചായത്ത് | ആവശ്യമായ ഉപകരണങ്ങൾ പരിശോധനയുടെ അടിസ്ഥാനത്തിൽ NPRPD വഴി ലഭ്യമാക്കുന്നു |
| 8 | പ്രതിമാസ സാമ്പത്തിക സഹായം | ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർ | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള പ്രത്യേക സെൽ കളക്ടറേറ്റ്, കാസറഗോഡ് | കാറ്റഗറി 1.2 വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിമാസം 2000 രൂപ വീതവും കാറ്റഗറി 3 വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിമാസം 1000 രൂപ വീതവും കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നൽകിവരുന്നു. |
| 9 | മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം | ദുരിതബാധിതരിൽ മരണമടഞ്ഞവരുടെ അവകാശികൾ | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള പ്രത്യേക സെൽ കളക്ടറേറ്റ്, കാസറഗോഡ് | എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവർക്ക് ദേശീയമനുഷ്യാവകാശ കമ്മീഷൻ ശുപാർശ പ്രകാരം ആദ്യഗഡുവായി 1.5 ലക്ഷം അനുവദിച്ചു വരുന്നുണ്ട് |

| ക്രമ നമ്പർ | സേവനങ്ങൾ | സേവനം ലഭിക്കാനുള്ള അർഹത | സേവനം ലഭിക്കാനായി സമീപിക്കേണ്ടത് | സേവനം ലഭ്യമാക്കുന്ന രീതി |
|---|---|---|---|---|
| 10 | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള സാമ്പത്തിക സഹായം | ദുരിതബാധിതരിൽ<br>1 പൂർണ്ണമായും കിടപ്പിലായവർ<br>2 ശാരീരിക വൈകല്യമുള്ളവർ<br>3 മാനസിക വൈകല്യമുള്ളവർ<br>4 ക്യാൻസർ രോഗികൾ | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള പ്രത്യേക സെൽ, കളക്ടറേറ്റ് കാസറഗോഡ് | 1. പൂർണ്ണമായും കിടപ്പിലായവർ ആദ്യഗഡുവായി 1.5 ലക്ഷം രൂപ.<br>2. ശാരീരിക വൈകല്യമുള്ളവർ ആദ്യഗഡുവായി 1 ലക്ഷം രൂപ<br>3. മാനസിക വൈകല്യമുള്ളവർ ആദ്യഗഡുവായി 1.5 ലക്ഷം രൂപ<br>4. ക്യാൻസർ രോഗികൾ ആദ്യഗഡുവായി 1 ലക്ഷം രൂപ |
| 11 | വിദ്യാഭ്യാസ സ്കോളർഷിപ്പ് | ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള പ്രത്യേക സെൽ, കളക്ടറേറ്റ് കാസറഗോഡ് | ഇതിനുള്ള അപേക്ഷകൾ അതാത് ഗ്രാമപഞ്ചായത്തിലെ ഐ സി ഡി എസ് സൂപ്പർ വൈസർമാർ മുഖാന്തിരം അന്വേഷണം നടത്തി കേരള സോഷ്യൽ സെക്യൂരിറ്റിമിഷന് സമർപ്പിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നു. |
| 12 | സൗജന്യ റേഷൻ | ദുരിതബാധിത കുടുംബങ്ങൾ | ജില്ല സപ്ലൈ ഓഫീസർ, കാസറഗോഡ് | കുടുംബത്തിന് അർഹതപ്പെട്ട റേഷൻ സൗജന്യമായി റേഷൻ ഷോപ്പുകളിൽ നിന്നും വിതരണം ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| 13 | റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി മാറ്റുന്നു | ദുരിതബാധിത കുടുംബങ്ങൾ | ജില്ല സപ്ലൈ ഓഫീസർ, കാസറഗോഡ് | ദുരിതബാധിതരുടെ കുടുംബങ്ങളുടെ റേഷൻ കാർഡുകൾ നിലവിൽ എ പി എൽ ആണെങ്കിൽ ബി പി എൽ ആക്കി മാറ്റുന്നു. |
| 14 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബഡ്സ് സ്കൂൾ പ്രവേശനം | മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾ | വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കപ്പെട്ട ബഡ്സ് സ്കൂളുകൾ (പട്ടിക അനുബന്ധ) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി അടുത്തുള്ള ബഡ്സ് സ്ക്കൂളിൽ അയക്കാവുന്നതാണ്. |
| 15. | കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ളവരെയും പരിചരിക്കുന്നവർക്കുള്ള പെൻഷൻ. | അപ്രകാരം രോഗികളെ പരിചരിക്കുന്ന ഒരാൾക്ക് | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള പ്രത്യേക സെൽ, കളക്ടറേറ്റ് കാസറഗോഡ് | അപേക്ഷ പരിശോധനയ്ക്ക് ശേഷം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അയച്ച് കൊടുക്കുകയും മിഷൻ വഴി പെൻഷൻ ലഭ്യമാക്കുകയും ചെയ്യുന്നു. |

പുനരധിവാസ പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾക്ക് കാസർകോട് കളക്ടേറ്റിൽ പ്രവർത്തിക്കുന്ന എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള സ്പെഷൽ സെല്ലുമായി ബന്ധപ്പെടുക

ഫോൺ: 04994 - 257330